കേരള സർക്കാർ

# ചിറ്റാറ്റുകര ഗ്രാമപഞ്ചായത്ത്
# 2017-18
# ഓഡിറ്റ് റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
website : www.lfa.kerala.gov.in
e-mail : doekm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,എറണാകുളം
സിവിൽ സ്റ്റേഷൻ,കാക്കനാട്-682030
ഫോൺ : 0484 – 2422271
email : doekm.ksad@kerala.gov.in

നം.കെ.എസ്.എ.ഇകെഎം(പി12)1624/2018

ഡെപ്യൂട്ടി ഡയറക്ടർ

തീയതി : 07.09.2018

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

ചിറ്റാറ്റുകര ഗ്രാമ പഞ്ചായത്ത്

സർ

വിഷയം : ചിറ്റാറ്റുകര ഗ്രാമപഞ്ചായത്ത് - 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചിറ്റാറ്റുകര ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലേയ്ക്കും ഭാഗം 3ലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

.

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ
3)കാര്യാലയ പകർപ്പ്

.

നം കെ.എസ്.എ-ഇ.കെ.എം (പി12 ) 1624/2018 തീയതി:07.09.2018

എറണാകുളം ജില്ലയിലെ ചിറ്റാറ്റുകര ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ ചിറ്റാറ്റുകര ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.04.2017 മുതൽ 31.03.2018 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ....11..... അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ ...5....... എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നും ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥ | ശ്രീമതി ജയ സി ആർ ,<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 05.7.2108മുതൽ 17.07.2018 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ അബ്ദുൽ സലാം ടി ഐ ,<br>ഓഡിറ്റ് ഓഫീസർ |
| | ശ്രീ.ശ്രീജിത്ത് സി.ഡി ,<br>സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ ബെന്നി സെബാസ്റ്റ്യൻ ,<br>സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ ജോസ് ഫിജോയ് വി.ജെ ,<br>ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.എം.പി. പോൾസൺ | 01.04.17 മുതൽ 31.03.18വരെ |
| സെക്രട്ടറി | ശ്രീ.സുഭാഷ് വി കെ | 01.04.17 മുതൽ 03.08.17വരെ |
| | ശ്രീമതി സീന പി.വി | 03.08.17മുതൽ 31.3.2018വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി സലീഷ്യ സജിനി | 01.04.17 മുതൽ 31.03.18വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി എ ജയലക്ഷ്മി | 01.04.17 മുതൽ 31.03.18വരെ |
| വെറ്ററിനറി സർജ്ജൻ | ഡോ. സലീം കെ. മണിക്ഫാൻ | 01.04.17 മുതൽ 31.03.18വരെ |
| കൃഷി ഓഫീസർ | ശ്രീമതി സിമ്മി സി.കെ. | 01.04.17 മുതൽ 31.03.18വരെ |
| പി.എച്ച്.സി. | ഡോ. റസീന കെ. | 01.04.17 മുതൽ |

| | | |
|---|---|---|
| മെഡിക്കൽഓഫീസർ | | 31.03.18വരെ |
| ഹോമിയോ, മെഡിക്കൽ ഓഫീസർ | ഡോ. മനീഷ | 01.04.17 മുതൽ 08.12.17 വരെ |
| | ഡോ. ധന്യ എം.എൻ. | 08.12.17 മുതൽ 21.01.18വരെ |
| | ഡോ.ധന്യ പ്രസാദ് | 21.01.18 മുതൽ 31.03.18വരെ |
| ആയുർവേദ മെഡിക്കൽ ഓഫീസർ | ഡോ.അനിൽ കുമാർ | 01.04.17 മുതൽ 07.08.17വരെ |
| | ഡോ.തോമസ് ജിബിൻ ഐ.ആർ. | 07.08.17 മുതൽ 31.03.18വരെ |
| വി.ഇ.ഒ , ചിറ്റാറ്റുകര | ശ്രീ.ശിവപ്രസാദ് | 01.04.17 മുതൽ 30.06.17വരെ |
| | ശ്രീമതി സന്ധ്യ പി.എസ്. | 01.07.17 മുതൽ 10.07.17വരെ |
| | ശ്രീ. മധു കെ.ആർ. | 11.07.17 മുതൽ 31.03.18വരെ |
| വി.ഇ.ഒ , പല്ലംതുരുത്ത് | ശ്രീമതി സന്ധ്യ പി.എസ്. | 01.04.17 മുതൽ 31.03.18വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി ജാൻസി എം.എ | 01.04.17 മുതൽ 31.03.18വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി ഷൈജ എം കുമാർ | 01.04.17 മുതൽ 31.03.18വരെ |
| ഹെഡ്മിസ്ട്രസ്, ഗവ. എൽ.പി.സ്കൂൾ | ഇ.കെ സാവിത്രി | 01.04.17 മുതൽ 31.03.18വരെ |
| സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | ശ്രീ. രാജൻ ജി. | 01.04.17 മുതൽ 31.03.18വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 | |
| 4 | സാമ്പത്തിക വിശകലനം (R&P പ്രകാരം) | 1-4 | |
| 5 | ഫണ്ട് വിനിയോഗം (ACR പ്രകാരം) | 1-5 | |
| 6 | പദ്ധതി അവലോകനം | 1-6 | |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| 12 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-12 | |
| 13 | ഓഡിറ്റ് ഇംപാക്ട് | 1-13 | |
| | ഭാഗം 2 | | |
| 14 | പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട അപാകതകൾ | 2-1 | |
| 15 | മാനവൽ രസീത് ബുക്കുകളിലെ അപാകതകൾ | 2-2 | |
| 16 | വസ്തു നികുതി-അപാകതകൾ | 2-3 | |

| | | | |
|---|---|---|---|
| | ഭാഗം 3 | | |
| 17 | സെക്രട്ടറി നിർവ്വഹിച്ച പ്രോജക്ടിലെ അപാകതകൾ | 3-1 | |
| 18 | അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹിച്ച പ്രോജക്ടുകളിലെ അപാകതകൾ | 3-2 | |
| 19 | എൽ.വി.ഇ.ഒ.നിർവ്വഹിച്ച പ്രോജക്ടുകളുടെ അപാകതകൾ | 3-3 | |
| 20 | കൃഷി ഓഫീസർ നിർവ്വഹിച്ച പ്രോജക്ടുകളിലെ അപാകതകൾ | 3-4 | |
| 21 | ഫിഷറീസ് ഇൻസ്പെക്ടർ നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ | 3-5 | |
| 22 | ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവ്വഹിച്ച പ്രോജക്ടിലെ അപാകത | 3-6 | |
| 23 | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം)നിർവ്വഹിച്ച പ്രോജക്ട്- ഫണ്ട് ചെലവഴിച്ചതിലെ അപാകത | 3-7 | |
| 24 | വെറ്ററിനറി സർജൻ നിർവ്വഹിച്ച പ്രോജക്ടിലെ അപാകതകൾ | 3-8 | |
| 25 | പിഎച്ച് സി യിൽ മരുന്ന് ലഭ്യമാക്കിയില്ല | 3-9 | |
| 26 | ഭവനപദ്ധതികളുടെ അവലോകനം | 3-10 | |
| 27 | മറ്റ് അപാകതകൾ | 3-11 | |
| | ഭാഗം 4 | | |
| 28 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 29 | നിക്ഷേപപ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 30 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 | |
| 31 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 | |
| 32 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |
| 33 | ഓഡിറ്റ് റിക്കവറി | 4-6 | |
| 34 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-7 | |
| 35 | ചാർജ്ജ്/സർച്ചാർജ്ജ് നടപടികളുടെ വിവരം | 4-8 | |
| 36 | ഓഡിറ്റ് പ്രത്യവലോകനം | 4-9 | |
| 37 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 | |


.

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

.27.03.2017 വർഷത്തെ ബജറ്റ് 20/03 /2017 തീയ്യതിയിലെ ഒന്നാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയ്യതി | ലഭിച്ച തീയ്യതി |
|---|---|
| 31/7/2018 | 04/05/2018 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയ്യതി | സർട്ടിഫിക്കറ്റ് നമ്പർ/തീയ്യതി |
|---|---|---|
| 2017-18 | 12.06.2018 & 13.06.2018 | KSA-EKM (PG) 1786 (13)/ 2018 dt. 4.7.18 |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുൻബാക്കി | 16989079.00 |
| വരവ് | 63534469.00 |
| ആകെ | 80523548.00 |
| ചെലവ് | 72006572.00 |
| നീക്കിബാക്കി | 8516976.00 |

## 1-5 ഫണ്ട് വിനിയോഗം (ACR പ്രകാരം)

| ക്രമ നം. | ഫണ്ടിനം | മുൻ ബാക്കി | വരവ് തുക | ആകെ തുക | ചെലവ് തുക | നീക്കി ബാക്കി | ചെലവഴിക്കാത്ത തുക |
|---|---|---|---|---|---|---|---|
| 1 | വികസന ഫണ്ട് (ജനറൽ) | 0 | 15691852 | 15691852 | 15691852 | 0 | 0 |
| 2 | വികസന ഫണ്ട്(എസ്.സി.പി) | 0 | 4858325 | 4858325 | 4858325 | 0 | 0 |
| 3 | വികസനഫണ്ട് (ടി.എസ്.പി) | 0 | 108405 | 108405 | 108405 | 0 | 0 |
| 4 | മെയിന്റനൻസ് (റോഡ്) | 0 | 5013091 | 5013091 | 4374494 | 0 | 638597 |
| 5 | മെയിന്റനൻസ് (റോഡിതരം) | 0 | 3554367 | 3554367 | 3554367 | 0 | 0 |
| 6 | സെൻട്രൽ ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 7713633 | 7713633 | 7120577 | 0 | 593056 |
| 7 | കെ എൽ എസ് ജി ഡി പി - സ്റ്റേറ്റ് | 0 | 862151 | 862151 | 862151 | 0 | 0 |
| 8 | കെ എൽ എസ് ജി ഡി പി - സെൻട്രൽ | 0 | 2581849 | 2581849 | 2581849 | 0 | 0 |
| 9 | SBT സീറോ ബാലൻസ് | 0 | 0 | 0 | 0 | 0 | 0 |
| 10 | ട്രഷറി ഓൺ ഫണ്ട് | 0 | 0 | 0 | 0 | 0 | 0 |
| 11 | ട്രഷറി ടി എസ് ബി(ജനറൽ പർപ്പസ്) | 9556325 | 10192000 | 19748325 | 17849163 | 1899162 | |

| | | | | | | | |
|---|---|---|---|---|---|---|---|
| 12 | SBT - ലിറ്ററസി | 4158 | 51021 | 55179 | 50286 | 4893 | |
| 13 | SBT- ഡിസ്ട്രസ് റിലീഫ് ഫണ്ട് | 0 | 0 | 0 | 0 | 0 | |
| 14 | എൻ ആർ ഇ ജി എസ് | 4551 | 22859021 | 22863572 | 22853100 | 10472 | |
| 15 | SBT - (പൈക്ക) | 0 | 0 | 0 | 0 | 0 | |
| 16 | ട്രഷറി ടി എസ് ബി(ജോയിന്റ് വെഞ്ചർ) | 0 | 911647 | 911647 | 906621 | 5026 | |
| 17 | SBI – കറണ്ട് അക്കൗണ്ട് | 0 | 54387 | 54387 | 699 | 53688 | |
| 18 | ബി ഫണ്ട് | 0 | 49631740 | 49631740 | 49631740 | 0 | |
| 19 | തനത് ഫണ്ട് | 6839201 | 8208097 | 15047298 | 9350919 | 5696379 | |
| 20 | ക്യാഷ് (തനത് ഫണ്ട്) | 104667 | 0 | 104667 | 0 | 79217 | |
| 21 | മറ്റിനം | 480177 | 629000 | 1109177 | 341038 | 768139 | |

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പദ്ധതികളുടെ % |
|---|---|---|---|---|---|---|---|
| 2017-18 | 145 | 60404106 | 104 | 46356611 | 16 | 25 | 71.72 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

1. പ്രൊഫഷണൽ കോളേജിൽ പഠിക്കുന്നവർക്ക് ധനസഹായം
2. ഐഎസ്ഒ സർട്ടിഫിക്കേഷൻ
3. കന്നുകുട്ടി പരിപാലന പദ്ധതി
4. കോഴി വിതരണം
5. പഞ്ചായത്ത് ഓഫീസിന് അനുബന്ധ സൗകര്യം ഒരുക്കൽ

# 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 4551 | 1178056 | 1182607 | 1172135 | 10472 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 21680965 | 21680965 | 21680965 | 0 |

# 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 37800 | 75 |
| കർഷകതൊഴിലാളി പെൻഷൻ | 1120700 | 107 |
| വിധവാപെൻഷൻ | 14696700 | 1279 |
| വാർദ്ധക്യകാലപെൻഷൻ | 28062100 | 2491 |
| വികലാംഗപെൻഷൻ | 4200800 | 373 |

| | | |
|---|---|---|
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1180300 | 101 |
| വിധവകളുടെപെൺമക്കളുടെ വിവാഹ ധനസഹായം | 30000 | 1 |

സാമൂഹ്യസുരക്ഷാ പെൻഷനുകൾ ഡി.ബി.റ്റി.(ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫർ) വഴിയാണ് നല്കിവരുന്നത്.

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 11.07.2018 ന് അക്കൗണ്ടന്റിന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 822/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോദ്ധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

1. ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെയും വിവിധ സ്റ്റാൻഡിംഗ് കമ്മിറ്റികൾ, വർക്കിംഗ് ഗ്രൂപ്പുകൾ, ഗ്രാമസഭകൾ എന്നിവയുടെയും യോഗങ്ങൾ നിയമത്തിലും, ചട്ടങ്ങളിലും വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരം കൂടുകയും, സ്ഥാപനത്തിന്റെ വരവ് - ചെലവ് കണക്കുകൾ, പദ്ധതിച്ചെലവുകൾ, ദൈനംദിന പ്രവർത്തനങ്ങൾ എന്നിവയുടെ വിലയിരുത്തൽ നടത്തുകയും ചെയ്യുന്നുണ്ട്. യോഗത്തിന്റെ മിനിറ്റ്സുകൾ, ഗ്രാമസഭ മിനിറ്റ്സുകൾ എന്നിവ ഒരുവിധം ഭംഗിയായി എഴുതി സൂക്ഷിക്കുന്നുണ്ട്.

എന്നാൽ ഗ്രാമസഭയിൽ ചർച്ച ചെയ്ത പല വിഷയങ്ങളെ സംബന്ധിച്ചും പാസ്സാക്കിയ പല പ്രമേയങ്ങളും പഞ്ചായത്ത് കമ്മിറ്റി ചർച്ചചെയ്തതായി കണ്ടില്ല.

2. സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ഓഫീസ് സ്റ്റാഫ് മീറ്റിങ്ങുകൾ എല്ലാ മാസങ്ങളിലും കൂടി പ്രവർത്തനങ്ങളുടെ പുരോഗതികൾ/ പോരായ്മകൾ വിലയിരുത്തുന്നതായി കാണുന്നില്ല. 23.6.17 ന് ശേഷം സ്റ്റാഫ് മീറ്റിങ്ങ് കൂടിയിരിക്കുന്നത് 15.3.18ൽ മാത്രമാണ്.

3. ഗ്രാമപഞ്ചായത്ത് പൗരാവകാശ രേഖ കാലികമായി പരിഷ്കരിച്ച് പ്രസിദ്ധീകരിച്ചിട്ടുണ്ട് .

4. ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവൃത്തിക്കുന്നുണ്ടെങ്കിലും, ഓഫീസിന്റെ സ്ഥലസൗകര്യക്കുറവ് ഫ്രണ്ട് ഓഫീസിൽ വരുന്ന പൊതുജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ട്.

5. രജിസ്റ്ററുകൾ, ഫയലുകൾ, വൗച്ചറുകൾ എന്നിവ കൃത്യമായി നമ്പറുകൾ ഇട്ട് സൂക്ഷിക്കുന്നുണ്ട്. എന്നാൽ ഓഫീസിന്റെ സ്ഥലസൗകര്യക്കുറവ് ഫയലുകളുടെയും, രജിസ്റ്ററുകളുടെയും സൂക്ഷിപ്പിനെ പ്രതികൂലമായി ബാധിക്കുന്നുണ്ട്.

6. രസീത് വഴിയുള്ള പണം വരവ്, അടവ് എന്നിവ ചട്ടപ്രകാരം കൃത്യമായി നടക്കുന്നുണ്ട്. സാംഖ്യ പ്രകാരമുള്ള കണക്കുകൾ പ്രതിമാസം റീകൺസൈൽ ചെയ്ത് വരവ്- ചെലവ് അനുപാതവും, നീക്കിയിരുപ്പിന്റെ കൃത്യതയും ഉറപ്പുവരുത്തുന്നുണ്ട്.

7.ആസ്തി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും പഞ്ചായത്തിന്റെ എല്ലാ ആസ്തികളും അതിൽ ഉണ്ടെന്ന് ഉറപ്പുവരുത്തിയിട്ടില്ല. കൂടാതെ പുതുതായി സൃഷ്ടിക്കപ്പെടുന്ന ആസ്തികൾ അതിന്റെ യഥാർഥമൂല്യത്തോടെയും, ചട്ടത്തിൽ നിഷ്കർഷിക്കുന്ന ഡിപ്രിസിയേഷൻ നല്കിയും ചേർത്തിട്ടുണ്ടെന്ന് ഉറപ്പുവരുത്തിയിട്ടില്ല.

8. പെൻഷൻ അപേക്ഷ രജിസ്റ്ററുകളിൽ അപേക്ഷ തീർപ്പാക്കിയതു സംബന്ധിച്ച വിവരങ്ങളും, എല്ലാ ഡി&ഓ ലൈസൻസിനുള്ള അപേക്ഷകളിലും പഞ്ചായത്ത് സെക്രട്ടറിയുടെ തീരുമാനവും രേഖപ്പെടുത്തേണ്ടതാണ്.

9. ഇ-ടെണ്ടർ സമ്പ്രദായത്തിലൂടെ മരാമത്ത് പ്രവർത്തികൾക്ക് കരാർ നൽകുമ്പോൾ ലഭിക്കേണ്ട, ജില്ലാ പഞ്ചായത്ത് അക്കൗണ്ടിലേക്ക് ക്രഡിറ്റ് ചെയ്യപ്പെട്ട തുക തിരികെ ലഭിക്കുവാൻ വേണ്ട നടപടിയെടുക്കേണ്ടതാണ്.

10. നിർവ്വഹണോദ്യോഗസ്ഥർ പ്രോജക്ട് ഫയലുകൾ ശരിയായ രീതിയിൽ സൂക്ഷിക്കുന്നില്ല. പല പ്രോജക്ട് ഫയലുകളിലും ആവശ്യം വേണ്ട സാക്ഷ്യപത്രങ്ങൾ സൂക്ഷിച്ചിട്ടില്ല. ഗുണഭോക്താക്കളുമായുള്ള കരാറിന് പകരം വെറും ഒപ്പിട്ട മുദ്രപ്പത്രങ്ങൾ മാത്രമാണ് കാണുന്നത്.

ആഭ്യന്തരനിയന്ത്രണ സംവിധാനങ്ങൾ ശക്തിപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ പഞ്ചായത്ത് കമ്മിറ്റിയും വിവിധ സ്റ്റാൻഡിങ്ങ് കമ്മിറ്റികളും കൈകൊള്ളേണ്ടതാണ്.

11.ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടില്ല.

. ഗ്രാമപഞ്ചായത്തിൽ 18.03.2003 -ലെ സ.ഉ. 92/2003 -ഉത്തരവ് പ്രകാരവും 2003 -ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ പ്രകാരവും ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടില്ല. ദുരിതാശ്വാസനിധി രൂപീകരിയ്ക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

.

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 23-06-2018 | 5/2018 | 5-7-2018 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 9-11-2017 | 2012-13 മുതൽ 2016-17 വരെ | 30-12-2017 |

## 1-12 വാർഷിക കണക്കുകളിലെ അപാകതകൾ

എ) വസ്തുനികുതി സംബന്ധിച്ച വാർഷിക ധനകാര്യപത്രികയിലെ കണക്കുകൾ സഞ്ചയപ്രകാരമുള്ള കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

ബി) സ.ഉ (എംഎസ്)152/2011/തസ്വഭവ/20.7.11 പ്രകാരം ഭൂമി ഉൾപ്പെടെയുള്ള ആസ്തികൾ അക്കൗണ്ട് ചെയ്ത് ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തി വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുത്തിയിട്ടില്ല. ആസ്തികൾ രേഖപ്പെടുത്തുന്ന സചിത്ര സോഫ്റ്റ്-വെയർ സാംഖ്യയുമായി ലിങ്ക് ചെയ്തിട്ടില്ല. ആസ്തികളുടെ അക്കൗണ്ടുകൾ പൂർത്തിയാക്കാത്തതിനാൽ പഞ്ചായത്ത് ഫണ്ടിന്റെ കൃത്യത ഉറപ്പാക്കുവാൻ സാധിക്കുന്നില്ല.

(സി) വാർഷിക കണക്കിനോടൊപ്പം സമർപ്പിക്കേണ്ട അടിസ്ഥാന അനുപാതങ്ങൾ (റേഷ്യോസ്) പ്രധാന അക്കൌണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നിവ സമർപ്പിച്ചിട്ടില്ല.

## 1-13 ഓഡിറ്റ് ഇംപാക്ട്

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ ഗാർഹിക കുടിവെള്ള കണക്ഷൻ പ്രോജക്ടുമായി ബന്ധപ്പെട്ട് (പ്രോ.നം.ട0012/18) അധികമായി നൽകിയ 95/- രൂപ രശീതി നം.118010101656 തീ.17/07/2018 പ്രാകാരവും, കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ തെങ്ങിന് ജൈവവളം പ്രോജക്ടുമായി ബന്ധപ്പെട്ട് (പ്രോ.നം.ട0122/18) അധികം നൽകിയ 3276/-രൂപ രശീതി നം.118010101662 തീ.17/07/2018 പ്രകാരവും, പഞ്ചായത്ത് ഫണ്ടിൽ അടവാക്കി.

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട അപാകതകൾ

( എ )-ഗ്രാമ സഭ നിർദ്ദേശങ്ങൾക്ക് സ്റ്റാൻഡിംഗ് കമ്മിറ്റി പഞ്ചായത്ത് കമ്മിറ്റി എന്നിവ അർഹമായ പരിഗണന നൽകുന്നില്ല.

പഞ്ചായത്ത് ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന 18ാം വാർഡിലെ ബോട്ട് യാർഡ് ജനങ്ങളുടെ ആരോഗ്യത്തെ ഹാനികരമായി ബാധിക്കുന്നതിനാൽ പണി നിർത്തിവയ്ക്കണമെന്ന്18ാം വാർഡിലെ 09.04.2017 ലെ ഗ്രാമ സഭയുടെ അഭ്യർത്ഥന,പെൻഷൻ അപേക്ഷ സ്വീകരിക്കുകയോ മുൻ അപേക്ഷകൾ പരിഗണിക്കുകയോ ചെയ്യുന്നില്ല എന്നും മാലിന്യ സംസ്കരണം , സംഭരണം എന്നിവ നടക്കുന്നില്ല എന്നുമുള്ള 16ാം വാർഡിലെ 25.11.17 ലെ ഗ്രാമസഭ പ്രമേയങ്ങൾ എന്നിവ ഉദാഹരണങ്ങളാണ്. ഗ്രാമസഭ നിർദ്ദേശങ്ങൾ പഞ്ചായത്തിലെ സമിതികൾ പരിഗണിക്കുന്നതിലും ആയത് തൊട്ടടുത്ത ഗ്രാമസഭയിൽ അറിയിക്കുന്നതിലുമാണ് പ്രാദേശിക ജനാധിപത്യത്തിന്റെ വിജയം നിലനിൽക്കുന്നത്. ഗ്രാമസഭയുടെ പല ആവശ്യങ്ങളും പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ളതോ

നിയമപരമായി നിലനിൽക്കുന്നതോ ആയിരിക്കണമെന്നില്ല. എങ്കിലും മറുപടി നൽകേണ്ടത് പഞ്ചായത്തിന്റെ ഉത്തരവാദിത്തമാണ്.

2. സ്റ്റാറ്റസ് റിപ്പോർട്ട്,വർക്കിംഗ് ഗ്രൂപ്പ് നിർദ്ദേശങ്ങൾ എന്നിവ പൂർണ്ണമായി ഉൾക്കൊണ്ടുകൊണ്ടല്ല പദ്ധതി രൂപീകരിക്കപ്പെടുന്നത്.

ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

( എ )-വനിതാവികസനം വർക്കിംഗ് ഗ്രൂപ്പിന്റെ സ്റ്റാറ്റസ് റിപ്പോർട്ടിൽ 13ാം പഞ്ചവത്സര പദ്ധതിക്കാലത്ത് 5 വർഷവും വനിതകൾക്ക് സ്വയം തൊഴിൽ സംരംഭം വിഭാവനം ചെയ്തിരുന്നു.17-18 ൽ ഒന്നു പോലും പദ്ധതിരേഖയിൽ ഉൾപ്പെടുത്തിയില്ല.

(ബി) ഹോമിയോ/ആയുർവേദ ആശുപത്രികളുടെ സ്റ്റാറ്റസ് റിപ്പോർട്ടിലെ ടെലഫോൺ,കംപ്യൂട്ടർ എന്നിവ ഇല്ലാത്തത് സംബന്ധിച്ചും,ചുറ്റുമതിൽ,മാലിന്യ സംസ്കരണ സംവിധാനമില്ലായ്മ തുടങ്ങിയ അടിസ്ഥാന ആവശ്യകത പരിഗണിച്ചിട്ടില്ല. മരുന്ന് വാങ്ങൽ എന്ന പ്രോജക്ട് മാത്രമാണ് നടപ്പിലാക്കിയത്.

3. വിവിധ സ്റ്റാറ്റസ് റിപ്പോർട്ടുകളിലെ സ്ഥിതി വിവരക്കണക്കുകളിൽ പൊരുത്തക്കേടുകൾ കാണുന്നു.

( എ )- ദാരിദ്ര ലഘൂകരണ വർക്കിംഗ് ഗ്രൂപ്പിലെ ഭാഗം 1.1.3 ൽ ആകെ ഭൂരഹിതർ 183 എന്നും ഭവനരഹിതർ 493 എന്നും കാണുന്നു.എന്നാൽ ഭാഗം 3.3.2 ലെ വികസന പരിപ്രേക്ഷ്യത്തിൽ നിലവിലത്തെ അവസ്ഥയായി 984 ഭവനരഹിതരും 284ഭൂരഹിതരും ഉണ്ടെന്നും ആയവർക്ക് 5 വർഷം കൊണ്ട് ഭൂമിയും വീടും നൽകുമെന്നും രേഖപ്പെടുത്തിയിരിക്കുന്നു.

( ബി )- കക്കൂസ്,വൈദ്യുതി എന്നിവ ഇല്ലാത്ത വീടില്ല എന്ന് മേൽ വർക്കിംഗ് ഗ്രൂപ്പിലെ ഭാഗം 1.1.4 ൽ കാണുന്നു. എന്നാൽ പട്ടികജാതി പട്ടിക വർഗ്ഗ വർക്കിംഗ് ഗ്രൂപ്പിൽ കക്കൂസ് ഇല്ലാത്ത 43 വ്യക്തികൾ പട്ടികജാതി വിഭാഗത്തിലും 6 പേർ പട്ടിക വർഗ്ഗ വിഭാഗത്തിലും ഉണ്ടെന്ന് കാണുന്നു. മാത്രമല്ല പ്രസ്തുത വ്യക്തികൾക്കായി 2019-20 ൽ ശുചിത്വ കക്കൂസ് നിർമ്മാണവും 2020-21 ൽ ഭവന വൈദ്യുതീകരണവും വർക്കിംഗ് ഗ്രൂപ്പ് വിഭാവനം ചെയ്യുന്നു.

( സി )- മാനസിക ശാരീരിക വൈകല്യം ബാധിച്ച കുട്ടികളുടെ എണ്ണം യഥാക്രമം 42,32 എന്നിവയാണെന്ന് (ആകെ 74) സാമൂഹ്യനീതി വർക്കിംഗ് ഗ്രൂപ്പ് ഭാഗം 1.1.2 ൽ കാണുന്നു. ഇതിൽ സ്കോളർഷിപ്പ് നൽകിയ കുട്ടികളുടെ എണ്ണം 54 ഉം ഇനി സ്കോളർഷിപ്പ് നൽകേണ്ടവർ ഇല്ലെന്നും 1.1.2 യിൽ കാണുന്നു.

( ഡി )- ചുറ്റുമതിൽ എല്ലാ അംഗനവാടികൾക്കും ഉള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട് (സാമൂഹ്യനീതി വർക്കിംഗ് ഗ്രൂപ്പ് തയ്യാറാക്കിയ സ്റ്റാറ്റസ് റിപ്പോർട്ട് ഭാഗം 1.1.5). എന്നാൽ 114ാം അങ്കണവാടിക്ക് ചുറ്റുമതിൽ വേണമെന്ന് വർക്കിംഗ് ഗ്രൂപ്പ് ചർച്ചയിൽ വരികയും അങ്കണവാടിക്ക് ചുറ്റുമതിലിനായി 4,33,662 രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. ശിശു സൗഹൃദ ഫർണ്ണിച്ചർ ഉള്ള അങ്കണവാടികളുടെ എണ്ണവും ഇല്ലാത്ത അങ്കണവാടികളുടെ എണ്ണവും 29 എന്ന് രേഖപ്പെടുത്തിയിരിക്കുന്നു.

( ഇ )- വനിതാവികസനം വർക്കിംഗ് ഗ്രൂപ്പ് തയ്യാറാക്കിയ സ്റ്റാറ്റസ് റിപ്പോർട്ട് ഭാഗം 1.1.1 പ്രകാരം പട്ടികജാതി ജനസംഖ്യ 2275 ആണ്. പട്ടിക വർഗ്ഗ ജനസംഖ്യ 30 ആണ്.പട്ടികജാതി പട്ടിക വർഗ്ഗ വർക്കിംഗ് ഗ്രൂപ്പ് തയ്യാറാക്കിയ സ്റ്റാറ്റസ് റിപ്പോർട്ട് ഭാഗം 1.1.1പ്രകാരം മേൽ ജനസംഖ്യ യഥാക്രമം 3768, 35 എന്നീ ക്രമത്തിലാണ്.

4.ആസൂത്രണ സമിതിയുടെ പ്രവർത്തനം അപര്യാപ്തം.

പഞ്ചായത്തിലെ ആസൂത്രണ സമിതി സാമ്പത്തിക വർഷത്തിൽ ഒരു പ്രാവശ്യം മാത്രമാണ് യോഗം ചേർന്നത്. പദ്ധതി ആസൂത്രണം,നിർവ്വഹണം,വിലയിരുത്തൽ എന്നീ മൂന്ന് ഘടകങ്ങളെയും ഏകോപിപ്പിക്കുകയാണ് ആസൂത്രണ സമിതിയുടെ പ്രധാന കർത്തവ്യം. വർക്കിംഗ് ഗ്രൂപ്പ് പ്രവർത്തനം ഏകോപിപ്പിക്കേണ്ടതും ആസൂത്രണ സമിതിയാണ്. ഈ രംഗത്ത് ആസൂത്രണ സമിതിയുടെ പ്രവർത്തനത്തിലെ പോരായ്മ വർക്കിംഗ് ഗ്രൂപ്പ് പ്രവർത്തനങ്ങളെയും ബാധിച്ചു.

.5. വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനത്തിലെ അപാകതകൾ

ഒരു വർക്കിംഗ് ഗ്രൂപ്പിൽ വേണ്ടത് 10 മുതൽ 15 വരെ അംഗങ്ങളാണ് എന്നാണ് സർക്കാർ നിർദ്ദേശം [ ജി.ഒ (

എം.എസ്) 10/2017/ത.സ്വ.ഭ.വ /09.01.2017]. എന്നാൽ 20 അംഗങ്ങൾ എല്ലാ വർക്കിംഗ് ഗ്രൂപ്പിലുമുണ്ട്. ഏറ്റവും കൂടുതൽ അംഗങ്ങൾ പങ്കെടുത്ത വർക്കിംഗ് ഗ്രൂപ്പിൽ 9 വ്യക്തികളാണ് പങ്കെടുത്തത്. വർക്കിംഗ് ഗ്രൂപ്പിലോ ആസൂത്രണ സമിതിയിലോ ഒന്നും അംഗമല്ലാത്ത വ്യക്തികളും മിനിട്സ് പ്രകാരം പങ്കെടുത്തതായി കാണുന്നുണ്ട്. ഒരു വർക്കിംഗ് ഗ്രൂപ്പിൽ പോലും വിഷയവിദഗ്ധനെ ഉപാദ്ധ്യക്ഷനാക്കിയിട്ടില്ല. ഇതേ വർക്കിംഗ് ഗ്രൂപ്പ് തന്നെയാണ് പദ്ധതികളുടെ മോണിറ്ററിംഗും നടത്തേണ്ടത്. പഞ്ചായത്തിലെ ഒരു പദ്ധതി പോലും മോണിറ്ററിംഗ് നടത്തിയതായി രേഖയില്ല. വർക്കിംഗ് ഗ്രൂപ്പുകളുടെ മേൽനോട്ടം സ്റ്റാൻഡിംഗ് കമ്മിറ്റിക്കായതിനാൽ ഈ അപാകതയ്ക്ക് സ്റ്റാൻഡിംഗ് കമ്മിറ്റികളും ഉത്തരവാദികളാണ്.

## 2-2 മാനുവൽ രസീത് ബുക്കുകളിലെ അപാകതകൾ

.

എ) ഗുണഭോക്തൃവിഹിതം പിരിക്കുന്നതിനായി പഞ്ചായത്തിന്റെ സ്റ്റോക്കിൽ ഇല്ലാത്ത രസീത് ബുക്ക് ഉപയോഗിച്ചത് സംബന്ധിച്ച്

ഫിഷറീസ് ഇൻസ്പെക്ടർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രോജക്റ്റിന്റെ ഗുണഭോക്തൃവിഹിതം പിരിക്കുന്നതിന് ചിറ്റാറ്റുകര ഗ്രാമപഞ്ചായത്തിൽ നിന്ന് നൽകിയിട്ടില്ലാത്തതും, പഞ്ചായത്ത് രസീത് ബുക്ക് എന്ന് തോന്നിക്കുന്നതുമായ മറ്റൊരു രസീത് ബുക്കാണ് ഉപയോഗിച്ചിട്ടുള്ളത്. വിവരങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | S0136/18 |
| പ്രോജക്റ്റിന്റെ പേര് | മത്സ്യത്തൊഴിലാളികൾക്ക് ഡിങ്കിയും ഗിൽനെറ്റും |
| ഗുണഭോക്തൃ വിഹിതം പിരിക്കുന്നതിനുപയോഗിച്ച രസീത് ബുക്ക് നമ്പർ | 16527 |

ഗുണഭോക്തൃവിഹിതം പിരിച്ച് പഞ്ചായത്തിൽ അടച്ചതിന്റെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| രസീത് നമ്പർ | ഗുണഭോക്താവിന്റെ പേര്, വിലാസം | ഗുണഭോക്തൃവിഹിതം പിരിച്ചതിന്റെ വിവരം | | പിരിച്ച തുക പഞ്ചായത്തിൽ അടച്ചതിന്റെ വിവരം | | |
|---|---|---|---|---|---|---|
| | | തുക | തീയതി | തുക | രസീത് നം | തീയതി |
| 1/16527 | ശിവൻ, കളത്തിൽ വീട്, വാർഡ് - 18 | 11625 | 19.1.18 | 11625 | 117010105133 | 19.1.18 |
| 2/16527 | സുദർശനൻ , വലിയവീട്ടിൽ, വാർഡ് - 12 | 11625 | 19.1.18 | 11625 | 117010105133 | 19.1.18 |
| 3/16527 | രാജേഷ് പി.ആർ പുത്തൂര് പറമ്പ്, വാർഡ്-15 | 11625 | 19.1.18 | 11625 | 117010105133 | 19.1.18 |
| 4/16527 | ഗോപാലകൃഷ്ണൻ , പുത്തൂര് പറമ്പ്, വാർഡ്-16 | 11625 | 22.3.18 | 11625 | 117010106812 | 22.3.18 |

ഗുണഭോക്തൃവിഹിതം പിരിക്കുന്നതിന് പഞ്ചായത്ത് നൽകുന്ന രസീത് ഉപയോഗിക്കാത്തത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടിയൊന്നും ലഭിച്ചില്ല. 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ , അദ്ധ്യായം 3, സെക്ഷൻ 20(2-ബി) പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥർ നൽകുന്ന രസീത് സെക്രട്ടറി നൽകുന്ന രസീതിൽ നിന്ന് വ്യത്യസ്തമായതും അക്കൗണ്ട്സ് മാന്വലിൽ നിർദ്ദേശിച്ച ഫോറത്തിൽ ഉള്ളതും ആവണമെന്നും, ഇപ്രകാരമുള്ള രസീത് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നൽകണമെന്നുമാണ് നിർദ്ദേശിച്ചിട്ടുള്ളത്. സെക്രട്ടറി ഇപ്രകാരം രസീത് ബുക്കുകൾ ഫിഷറീസ് ഇൻസ്പെക്ടർക്ക് നൽകിയതായി സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ ഇല്ല. പഞ്ചായത്ത് നടപ്പിലാക്കിയ പദ്ധതികളുടെ ഗുണഭോക്തൃവിഹിതം പിരിക്കുന്നതനായി പഞ്ചായത്തിൽ നിന്ന് നൽകിയതല്ലാത്ത രസീത് ബുക്ക് ഉപയോഗിച്ചത് മേൽപ്പറഞ്ഞ ചട്ടത്തിന് വിരുദ്ധമാണ്. ഗുണഭോക്തൃവിഹിതം പിരിച്ച ഫിഷറീസ് ഇൻസ്പെക്ടറും, ഇദ്ദേഹത്തിന് ചട്ടപ്രകാരം ഗുണഭോക്തൃവിഹിതം പിരിക്കുന്നതിന് രസീത് നൽകാത്ത സെക്രട്ടറിയും വിശദീകരണം നൽകേണ്ടതാണ്. ചട്ടങ്ങൾ പ്രകാരം ഗുണഭോക്തൃവിഹിതം പിരിക്കുന്നതിന് ഉദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതാണ്.

ബി) കൃഷി ഓഫീസർക്ക് നൽകിയ രസീതിലെ അപാകതകൾ

കൃഷി ഓഫീസർ ഗുണഭോക്തൃവിഹിതം പിരിക്കുന്നതിനായി പഞ്ചായത്തിൽ നിന്ന് നൽകിയിട്ടുള്ള 13766 നമ്പർ രസീത് ബുക്കിലെ 1 മുതൽ 100 വരെയും, 13773 നമ്പർ രസീത് ബുക്കിലെ 1 മുതൽ 87 വരെയും ഉള്ള രസീതുകൾ ഉപയോഗിച്ചിട്ടുണ്ട്. ഈ രസീതുകളിൽ തീയതി രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ കേരള ഫിനാൻഷ്യൽ കോഡ് വോള്യം I ലെ ചട്ടം 7(2) പ്രകാരം പിരിച്ച തുക അടുത്ത പ്രവൃത്തി ദിനത്തിൽ പഞ്ചായത്തിൽ അടച്ചിട്ടുണ്ടെന്ന് ഉറപ്പാക്കുവാൻ കഴിഞ്ഞിട്ടില്ല.. രസീത് നൽകുമ്പോൾ നിർബന്ധമായും തീയതി രേഖപ്പെടുത്തേണ്ടതാണ്.

## 2-3 വസ്തു നികുതി-അപാകതകൾ

( എ ) വസ്തു നികുതി ഡിമാൻഡ് കൃത്യമായി കണക്കാക്കിയിട്ടില്ല.

വസ്തു നികുതി ഇനത്തിലെ ഡിമാൻഡ് ഇപ്പോഴും കൃത്യമായി കണക്കാക്കാൻ പഞ്ചായത്തിന് സാധിച്ചിട്ടില്ല. റസിഡൻഷ്യൽ കെട്ടിടങ്ങളുടെ ഹെഡ്ഡിലേക്ക് ( 431100102 ) 01.04.2017 ൽ 6,48,791 രൂപ പ്രയർ പീരിയേഡിൽ നിന്ന് ജേർണൽ എൻട്രി നടത്തി ഡിമാൻഡ് കൂട്ടിയിട്ടുണ്ട്. അതേ ദിവസം തന്നെ 1,66,232 രൂപ ഡിമാൻഡിൽ നിന്ന് കുറവ് ചെയ്തിട്ടുമുണ്ട്. നോൺ റസിഡൻഷ്യൽ കെട്ടിടങ്ങളുടെ ഹെഡ്ഡിൽ നിന്നും ( 431100104 ) 6,89,219 രൂപ പ്രയർ പീരിയേഡിൽ നിന്നും ജേർണൽ എൻട്രി നടത്തി ഡിമാൻഡ് കുറച്ചിട്ടുണ്ട്. റസിഡൻഷ്യൽ,നോൺ റസിഡൻഷ്യൽ ഇനങ്ങളിൽ മുൻ വർഷത്തെ അപാകത പരിഹരിക്കുന്നതിനായിട്ടാണ് മേൽ എൻട്രി നടത്തിയതെന്നാണ് പഞ്ചായത്ത് മറുപടിയായി അറിയിച്ചത്. ഡിമാൻഡിലുള്ള വ്യത്യാസം വ്യക്തമാകുന്നതിനായി 06.07.2018,13.07.2018 എന്നീ ദിവസങ്ങളിലെ 2017-18, 2018-19 എന്നീ വർഷങ്ങളിലെ വസ്തുനികുതി ഡിമാൻഡ് പരിശോധനക്ക് വിധേയമാക്കിയിരുന്നു. ആയതിൽ ഒഴിവാക്കിയ ( exemption ) കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാൻഡ് 06.07.2018, 13.07.2018 എന്നീ ദിവസങ്ങളിൽ വ്യത്യാസപ്പെട്ടിരിക്കുന്നതായി കണ്ടു. 2017-18 ലെ ഒഴിവാക്കിയ കെട്ടിടങ്ങളുടെ വസ്തുനികുതി 4,19,737 രൂപ 4,19,921 രൂപയായും 2018-19 ലെ 4,33,575 രൂപ 4,34,387 രൂപയായും വ്യത്യാസപ്പെട്ടിരിക്കുന്നതായി കണ്ടു. വ്യത്യാസമായിക്കണ്ടിരുന്ന കെട്ടിടങ്ങളുടെ വിശദാംശങ്ങൾ ഓഡിറ്റിന് ഹാജരാക്കിയിരുന്നു. 60 m2 ൽ താഴെ വിസ്തീർണ്ണമുള്ള 5 കെട്ടിടങ്ങളും ഡാറ്റാ പ്യൂരിഫിക്കേഷൻ വേളയിൽ ഘടനാപരമായി മാറ്റം വരുത്തിയിട്ടില്ല എന്ന് ബോദ്ധ്യപ്പെട്ടതിനാൽ ഒരു കെട്ടിടത്തെയും ഡിമാൻഡിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. 10,917 കെട്ടിടങ്ങളുള്ള പഞ്ചായത്തിൽ വെറും 18 കെട്ടിടങ്ങളുടെ പ്യൂരിഫിക്കേഷൻ മാത്രമാണ് നാളിത് വരെ നടന്നിട്ടുള്ളത്. 60 m2 ൽ താഴെയുള്ള കെട്ടിടങ്ങളുടെ അപേക്ഷകൾ ഇനിയും ലഭ്യമാക്കാനുമുണ്ട്. ഈ സാഹചര്യത്തിൽ പഞ്ചായത്തിന്റെ വസ്തുനികുതി ഡിമാൻഡ് ഇനിയും വ്യത്യാസപ്പെടാനുള്ള സാഹചര്യമാണുള്ളത്.ഡാറ്റാ പ്യൂരിഫിക്കേഷൻ എത്രയും വേഗം പൂർത്തീകരിക്കേണ്ടതാണ്.

( ബി )-ഡിമാൻഡ് അനധികൃതമായി വ്യത്യാസപ്പെടുത്തുന്നു.

നിലവിൽ ഡിമാൻഡിലുള്ള വ്യത്യാസങ്ങൾക്ക് ജേർണൽ എൻട്രി നടത്തുന്നത് സെക്ഷൻ ക്ളർക്ക്,ടെക്നിക്കൽ അസിസ്റ്റന്റ് എന്നിവരാണ്. സെക്രട്ടറിയടക്കമുള്ള ഒരുദ്യോഗസ്ഥനും ആയത് പരിശോധിച്ചുറപ്പിക്കുന്നതായി രേഖകളില്ല. ആയത് ഗൗരവമേറിയ അപാകതയാണ്. ഡിമാൻഡിൽ വ്യത്യാസം വരുത്തേണ്ട സാഹചര്യത്തിൽ ആയത് പരിശോധിച്ചുറപ്പിച്ച് സെക്രട്ടറിയുടെ നടപടിക്രമങ്ങൾ (proceedings) ക്കനുസരിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ മാറ്റം വരുത്തുന്ന രീതി സ്വീകരിക്കേണ്ടതാണ് . കൂടാതെ നോൺ റസിഡൻഷ്യൽ കെട്ടിടങ്ങളുടെ ഔട്ട് ഡോർ കളക്ഷൻ റസിഡൻഷ്യൽ കെട്ടിടത്തിന്റെ ഹെഡ്ഡിൽ ചേർക്കുന്നതു മൂലമുണ്ടാകുന്ന അപാകതകളും ഒഴിവാക്കേണ്ടതാണ്.

.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 സെക്രട്ടറി നിർവ്വഹിച്ച പ്രോജക്ടിലെ അപാകതകൾ

ചിറ്റാറ്റുകര ഗ്രാമ പഞ്ചായത്തിൽ 2017-18 വർഷം സെക്രട്ടറി നിർവ്വഹണം നടത്തിയ താഴെപ്പറയുന്ന പ്രോജക്ടുകളിൽ ചില അപാകതകൾ കാണുന്നു.

1)മുൻ കൂറുകൾ നൽകിയെങ്കിലും കരാർ ചമച്ചില്ല.

a)

| | |
|---|---|
| പ്രോജക്ടിന്റെ പേര്/നം | ഇലക്ട്രിക്ക് ലൈൻ എക്സ്റ്റൻഷൻ S0141/18 |
| വിഭാഗം | ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| അടങ്കൽ | 697731 |
| ചെലവ് | 673825 |
| ചെലവ് രേഖ | ബിൽ നം.13/ 17-18 തുക 135175 /- തീ.11/1/2018<br>ബിൽ നം.14 /17-18 തുക 314700/- തീ. 11/1/2018<br>ബിൽ നം.18 /17-18 തുക 75675/- തീ. 30/1/2018<br>ബിൽ നം.24 /17-18 തുക 21000/- തീ. 27/2/2018<br>ബിൽ നം.35 /17-18 തുക 50400/- തീ. 24/3/2018<br>ബിൽ നം.36 /17-18 തുക 61575/- തീ. 24/3/2018<br>ബിൽ നം.38 /17-18 തുക 15300/- തീ. 28/3/2018 |

മുകളിൽ ചേർത്ത പ്രകാരം 673825/- രൂപ മന്നം ഇലക്ട്രിക്കൽ സെക്ഷൻ, വടക്കേക്കര ഇലക്ട്രിക്കൽ സെക്ഷൻ, ചേന്ദമംഗലം ഇലക്ട്രിക്കൽ സെക്ഷൻ, പറവൂർ ഇലക്ട്രിക്കൽ സെക്ഷൻഎന്നിവയ്ക്ക് മുൻകൂറായി നൽകിയിട്ടുണ്ട്. എന്നാൽ സ്ഥാപനവുമായി പഞ്ചായത്ത് എഗ്രിമെന്റ് വെച്ചതായി കാണുന്നില്ല. എഗ്രിമെന്റ് ചമയ്ക്കാതെ തുക കൈമാറിയതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

b)

| | |
|---|---|
| പ്രോജക്ടിന്റെ പേര്/നം | എ.ബി.സി. പ്രോഗ്രാം നടപ്പാക്കൽ -S014/18 |
| വിഭാഗം | വികസനഫണ്ട് |
| അടങ്കൽ | 105000/- |
| ചെലവ് | 105000/- |

50 തെരുവ് നായ്ക്കളെ വന്ധ്യംകരിക്കുന്നതിന് തീറ്റ, ട്രാൻസ്പോർട്ടേഷൻ ചാർജ്ജ് എന്നിവ ഉൾപ്പെടെയുള്ള ചെലവുകൾക്കായി 2100/-രൂപ കുടുംബശ്രീ ജില്ലാമിഷന് കൈമാറിയതാണ് പ്രോജക്ട്. തുക കൈമാറിയെങ്കിലും കുടുംബശ്രീ ജില്ലാമിഷനുമായി പഞ്ചായത്ത് കരാർ ചമച്ചിട്ടില്ല. കരാർ ചമയ്ക്കാതെ തുക കൈമാറിയതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

2)തെരുവ് വിളക്കുകൾ സ്ഥാപിച്ചതിന് വാർഡുമെമ്പർമാരുടെ / വികസനകാര്യ മോണിട്ടറിംഗ് കമ്മിറ്റിയുടെ സാക്ഷ്യപ്പെടുത്തൽ ഇല്ല.

| | |
|---|---|
| പ്രോജക്ടിന്റെ പേര്/നം | തെരുവ് വിളക്കുകൾ സ്ഥാപിക്കൽ S0011/18 |
| വിഭാഗം | ധനകാര്യ കമ്മീഷൻ ഗ്രാന്റ് - 248819<br>ലോകബാങ്ക് സഹായം - 325821 |
| അടങ്കൽ | 574640 |
| ചെലവ് | 574640 |

വാർഡ് മെമ്പർമാരുടെ അപേക്ഷകളുടെ അടിസ്ഥാനത്തിൽ വാർഡുകളിൽ (1മുതൽ 18വരെ) 216 എണ്ണം ബൾബുകൾ (led 18w)ക്രൂസ് അനുബന്ധസ്ഥാപനമായ കേരള ഗ്രാമ ജ്യോതി ലൈറ്റിങ്സ് സ്ഥാപിച്ച് നൽകിയപ്രോജക്ട് നിർവ്വഹണവുമായി ബന്ധപ്പെട്ട് വാർഡ് മെമ്പർമാർ പൂർത്തീകരണ സാക്ഷ്യപത്രം നൽകിയിട്ടില്ല.വാർഡുമെമ്പർമാർക്ക് പകരം പഞ്ചായത്ത് പ്രസിഡന്റാണ് പൊതുവായി സാക്ഷ്യപത്രം നൽകിയിരിക്കുന്നത്.വികസനകാര്യ മോണിറ്ററിംഗ് കമ്മിറ്റിയുടെ സാക്ഷ്യപത്രം കൂടാതെയുമാണ് പ്രവർത്തി ചെയ്ത സ്ഥാപനത്തിന് തുക കൈമാറിയത്. ഇപ്രകാരമുള്ള നടപടികൾ അതീവ ഗുരുതരമായ ചട്ടലംഘനമാണ്. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-2 അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹിച്ച പ്രോജക്ടിലെ അപാകതകൾ

ചിറ്റാറ്റുകര ഗ്രാമപഞ്ചായത്തിൽ 2017-18 വർഷം അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹിച്ച പ്രോജക്ടിൽ താഴെപ്പറയുന്ന

അപാകത കാണുന്നു.

1)ശരിയായ സാക്ഷ്യപത്രമില്ലാതെ തുക അനുവദിച്ചു നൽകി

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹിച്ച വീട് വയറിങ് പ്രോജക്ടിൽ പ്രവർത്തി പൂർത്തിയായെന്ന അസി.എൻജിനിയറുടെ ശരിയായ സാക്ഷ്യപത്രമില്ലാതെയാണ് തുക അനുവദിച്ച് നൽകിട്ടുള്ളത്.വിശദവിവരം താഴെപ്പറയുന്നു.

| | |
|---|---|
| പ്രവർത്തിയുടെ പേര് /നം. | വീട് വയറിങ് - S0027/18 |
| വിഭാഗം | എസ്.സി.പി./ വികസനഫണ്ട് |
| അടങ്കൽ | 25000/- |
| ചെലവ് | 25000/- |
| മേഖല | സേവനം |

പ്രവർത്തി പൂർത്തീകരിക്കപ്പെട്ടുവെന്ന് അസി.എൻജിനിയർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ടെങ്കിലും സബ്സിഡി മാർഗരേഖ (സ.ഉ.(എം.എസ്)നം.80/2017/ത.സ്വ.ഭ.വ തീ.3.4.2017) പ്രകാരം സാക്ഷ്യപ്പെടുത്തൽ നടത്തിയിട്ടില്ല.ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിന്റെ സ്പെസിഫിക്കേഷൻ പ്രകാരമുള്ള വയറിങ് സാമഗ്രികൾ ഉപയോഗിച്ചുകൊണ്ടാണ് പ്രവർത്തി പൂർത്തീകരിച്ചതെന്ന സാക്ഷ്യപത്രം കൂടാതെ ആനുകൂല്യം അനുവദിച്ചുനൽകിയതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.
അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹിച്ച പ്രോജക്ടുകളിൽ വികസനകാര്യ മോനിറ്ററിങ് കമ്മിറ്റിയുടെ സാക്ഷ്യപ്പെടുത്തൽ ഇല്ലാത്തതിന്റെ കാരണവും വ്യക്തമാക്കേണ്ടതാണ്.

## 3-3 എൽ.വി.ഇ.ഒ.നിർവ്വഹിച്ച പ്രോജക്ടുകളുടെ അപാകതകൾ

.

1) ഗ്രാമ സഭയുടെ ഗുണഭോക്തൃ ലിസ്റ്റിൽ പേരു് ചേർക്കാത്തവർക്ക് ആനുകൂല്യങ്ങൾ അനുവദിച്ചു നൽകി

.

| | |
|---|---|
| പ്രോജക്ടിന്റെ പേരു്/നം | ഗാർഹിക ബയോഗ്യാസ് പ്ലാന്റ് S0030/18 |
| വിഭാഗം | ജനറൽ , വികസന ഫണ്ട് |
| അടങ്കൽ | 179170 |
| ചെലവ് | 179170 |
| ചെലവ് രേഖ | ബിൽ നം.11 / 17-18 തുക 89585 തീ - 23/3/2018 |

.

പ്രോജക്ടിലെ ആകെ ഗുണഭോക്താക്കൾ 23 പേരാണ്. ഇവർ ഓരോരുത്തരും 3895/-രൂപ വീതം ഗുണഭോക്തൃവിഹിതം അടവാക്കിയിട്ടുണ്ട്. എന്നാൽ ആകെ ഗുണഭോക്താക്കളിൽ 15 പേർ മാത്രമേ ഗ്രാമ സഭയിൽനിന്നും ഗുണഭോക്തൃലിസ്റ്റിലൂടെ കടന്നുവന്നവരായുള്ളൂ. അല്ലാത്തവരെ (8 പേരെ) പഞ്ചായത്ത് കമ്മിറ്റിയുടെ 17/3/2018 ലെ 1 (7) നമ്പർ തീരുമാനപ്രകാരം ഉൾപ്പെടുത്തുകയായിരുന്നു. ഇപ്രകാരം ഗ്രാമ സഭയിലെ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്തവരെ പുറത്തുനിന്നും കണ്ടെത്തി അവരെ പിന്നീടുള്ള ഗ്രാമ സഭയിലൂടെ ഗുണഭോക്താക്കളാക്കി മാറ്റിയ നടപടി ഭാവിയിൽ ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.
(a) 1/3/2011 -ലെ ജി.ഒ (.എം.സ്) നമ്പർ 73/2011 തസ്വഭവ പ്രകാരം പറഞ്ഞിട്ടുള്ള സ്റ്റാൻഡാർഡുകളും സ്പെസിഫിക്കേഷനുകളും കൂടാതെ ജി.ഒ. (ആർ.റ്റി) നമ്പർ 718/2012 തസ്വഭവ പ്രകാരം പറഞ്ഞിട്ടുള്ള സ്റ്റാൻഡാർഡുകളും സ്പെസിഫിക്കേഷനുകളും ബാധകമാക്കിയിട്ടുണ്ടെന്ന വിവരം പ്രോജക്ട് സംബന്ധിച്ച് എ.ഇ. സാക്ഷ്യപ്പെടുത്തിയിട്ടില്ല.
എൽ,വി.ഇ.ഒ, നിർവ്വഹിച്ച 7 പ്രോജക്ടുകളിലും, വി.ഇ.ഒ. നിർവ്വഹിച്ച 9 പ്രോജക്ടുകളിലും നിർവ്വഹണവുമായി ബന്ധപ്പെട്ട് വികസനകാര്യ/ക്ഷേമകാര്യ മോണിറ്ററിംഗ് കമ്മിറ്റിയുടെ സാക്ഷ്യപ്പെടുത്തലില്ല.

.

## 3-4 കൃഷി ഓഫീസർ നിർവ്വഹിച്ച പ്രോജക്ടുകളിലെ അപാകതകൾ

ചിറ്റാറ്റുകര ഗ്രാമപഞ്ചായത്തിൽ കൃഷിഓഫീസർ 2017-18 വർഷം നിർവ്വഹിച്ച പ്രോജക്ടുകളിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1)തെങ്ങിനു വളം നൽകുന്ന പ്രോജക്ടിൽ കൂടുതൽ തുക അനുവദിച്ചു.

| | |
|---|---|
| പ്രോജക്ട് / നം | തെങ്ങിനു ജൈവവളം / S0122/18 |
| വിഭാഗം | ജനറൽ , വികസന ഫണ്ട് |
| അടങ്കൽ | 786273 (വിക.ഫണ്ട് -600000 / ഗു.വി.186273) |
| ചെലവ് | 786273 |

മുകളിൽ പറഞ്ഞ പ്രോജക്ടിൽ സെബാസ്റ്റ്യൻ പൗലോസ് എന്ന ഗുണഭോക്താവിന് 1115 /-രൂപ തെങ്ങിന് വളം സബ്സിഡിയായി നൽകിയിട്ടുണ്ട്.(ബിൽ നം.5/17-18 തുക 206388 തീയ്യതി.11/01/2018) 95 തെങ്ങിന് തെങ്ങൊന്നിന് 117/- രൂപ പ്രകാരമാണ് ഈ ആനുകൂല്യംനൽകിയിട്ടുള്ളത്. ഈ ആനുകൂല്യം ലഭിക്കുന്നതിന് അദ്ദേഹം സമർപ്പിച്ചിട്ടുള്ള സ്ഥലത്തിന്റെ വിസ്തൃതിയാകട്ടെ 97 സെന്റും.

97 സെന്റ് ഭൂമിയിൽ 95 തെങ്ങ് നിൽക്കാൻ സാധ്യതയില്ലെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. നൽകിയ ഓഡിറ്റ് എൻക്വയറിയുടെ അടിസ്ഥാനത്തിൽ (ഓഡിറ്റ് എൻക്വയറി നം. 9 ) അധികമായി നൽകിയ ആനുകൂല്യം (28 തെങ്ങിന് 117/- രൂപ പ്രകാരം 3276 രൂപ ) ഗുണഭോക്താവിൽനിന്നും (രശീതി നമ്പർ 118010101662 തീയ്യതി 17/07/2018 പ്രകാരം) പഞ്ചായത്തു ഫണ്ടിൽ തിരികെ അടവാക്കി.

*2) ഇടവിളകൃഷി വികസനം , വനിതകൾക്കുള്ള പ്രോജക്ടിന്റെ ഗുണഭോക്താക്കളായി പുരുഷന്മാരും*

| | |
|---|---|
| പ്രോജക്ട് / നം | ഇടവിളകൃഷി വികസനം / S0124/18 |
| വിഭാഗം | ജനറൽ , വികസന ഫണ്ട് |
| അടങ്കൽ | 856287 (വിക.ഫണ്ട് -600000 / ഗു.വി.256287) |
| ചെലവ് | 856287 |
| ചെലവ് രേഖ | ബിൽ നം.6/17-18 , തുക-148750/- തീ. 14/2/2018<br>ബിൽ നം.8/17-18 , തുക-51000/- തീ. 14/2/2018<br>ബിൽ നം.17/17-18 , തുക-105000/- തീ. 9/3/2018<br>ബിൽ നം.18 /17-18 , തുക-7612/- തീ. 9/3/2018<br>ബിൽ നം.19/17-18 , തുക-239250/- തീ. 9/3/2018<br>ബിൽ നം.20/17-18 , തുക-3625/- തീ. 9/3/2018<br>ബിൽ നം.21/17-18 , തുക-36000/- തീ. 9/3/2018<br>ബിൽ നം.54/17-18 , തുക-8762/- തീ. 9/3/2018 |

മുകളിൽ സൂചിപ്പിച്ച പ്രോജക്ടിൽ ഗുണഭോക്താക്കളായി 145 വ്യക്തികളാണുള്ളത്.വനിതകൾക്കുള്ള ഈ പ്രോജക്ടിൽ ഗുണഭോക്താക്കളായി 20 പുരുഷന്മാർ ആനുകൂല്യം കൈപ്പറ്റിയതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്. ഇതുമായി ബന്ധപ്പെട്ട് കൃഷി ഓഫീസർ നൽകിയ മറുപടിയിൽ പുരുഷന്മാരായ ഗുണഭോക്താക്കളുടെ ഭാര്യമാർക്കാണ് ആനുകൂല്യം നൽകിയതെന്നറിയിച്ചു.എന്നാൽ ഈ മറുപടി ഓഡിറ്റ് അംഗീകരിക്കുന്നില്ല.

*3)സ്റ്റോക്ക് രജിസ്റ്റർ/ ഇഷ്യൂരജിസ്റ്റർ എന്നിവ ശരിയായി പരിപാലിക്കുന്നില്ല.*

| | |
|---|---|
| പ്രോജക്ട് / നം | കാർഷിക കർമ്മസേനയ്ക്ക് ഉപകരണങ്ങൾ വാങ്ങി നൽകൽ / S0125/18 |
| വിഭാഗം | ജനറൽ , വികസന ഫണ്ട് |
| അടങ്കൽ | 275000/- (വിക.ഫണ്ട് -150000 / ഗു.വി.25000,ബ്ളോക്ക് വിഹിതം -100000) |
| ചെലവ് | 274031 |
| ചെലവ് രേഖ | ബിൽ നം.47/17-18 , തുക-24628/- തീ.15/3/2018<br>ബിൽ നം.48/17-18 , തുക-7827/- തീ. 15/3/2018<br>ബിൽ നം.49/17-18 , തുക-38893/- തീ. 15/3/2018<br>ബിൽ നം.50 /17-18 , തുക-12946/- തീ. 15/3/2018<br>ബിൽ നം.51/17-18 , തുക-62334/- തീ. 15/3/2018 |

മുകളിൽ സൂചിപ്പിച്ച പ്രോജക്ട് പ്രകാരം കാർഷിക കർമ്മസേനയ്ക്ക് താഴെപ്പറയുന്ന ഉപകരണങ്ങൾ വാങ്ങി നൽകി.

1)കംപ്രഷൻ സ്പ്രേയർ - 3 എണ്ണം

2)റോക്കർ സ്പ്രേയർ - 4 എണ്ണം

3)ഗാർഡൻ ടില്ലർ - 2 എണ്ണം

4) ബ്രഷ് കട്ടർ - 2 എണ്ണം

5)മിസ്റ്റ് ബ്ലൊവർ 2 എണ്ണം

വാങ്ങലുകൾ മെയിൻ സ്റ്റോക്കിലെടുത്തിട്ടുണ്ടെങ്കിലും സാധനങ്ങളുടെ ഉപയുക്തതയെക്കുറിച്ച് സർട്ടിഫിക്കേഷൻ നടത്തുകയോ, സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല. സാധനങ്ങൾ വാങ്ങുമ്പോൾ സ്റ്റോക്കിലെടുക്കേണ്ടതും, ഇഷ്യൂ രജിസ്റ്റർ പ്രകാരം അത് വിതരണം ചെയ്യേണ്ടതുമാണെന്ന ഗവർമെന്റ് ഉത്തരവ് പാലിക്കാത്തതിന്റെ കാരണം വ്യക്തമാക്കേണ്ട- താണ്.

4)കൃഷി ഓഫീസർ നിർവ്വഹിച്ച ഒരു പ്രോജക്ടിലും വികസന കാര്യ മോണിറ്ററിംഗ് കമ്മിറ്റിയുടെ റിപ്പോർട്ടില്ല. ഇതിന്റെ കാരണവും വ്യക്തമാക്കേണ്ടതാണ്.

.

## 3-5 ഫിഷറീസ് ഇൻസ്പെക്ടർ നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ

**1.**മത്സ്യത്തൊഴിലാളികൾക്ക് ഡിങ്കിയും ഗിൽനെറ്റും ( പ്രോജക്ട് നം. S0136/18 )

പദ്ധതി അടങ്കൽ - 46500/- വികസന ഫണ്ട്

46500/- ഗുണഭോക്തൃ വിഹിതം

------------

ആകെ 93000

ഫിഷറീസ് ഇൻസ്പെക്ടർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ ഈ പദ്ധതി സംബന്ധിച്ച് താഴെപ്പറയുന്ന കാര്യങ്ങളിൽ സ്പഷ്ടീകരണം ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി (നം.5) നൽകിയിരുന്നുവെങ്കിലും മറുപടി ലഭിച്ചിട്ടില്ലാത്തതാണ്.

എ) 15-10-2017 ലെ നോട്ടിസ് പ്രകാരം ഡിങ്കി നിർമ്മിച്ച് നൽകുന്നതിന് താല്പര്യമുള്ള നിർമ്മാതാക്കളിൽ നിന്നും ക്വൊട്ടേഷൻ ക്ഷണിച്ചതിൽ നാല് പേരിൽ നിന്നായി ലഭിച്ച ക്വൊട്ടേഷനുകളിൽ കുറഞ്ഞ തുക (17000/-രൂപ) ക്വോട്ട് ചെയ്ത ശ്രീ സേവ്യർ, തെക്കേകളത്തുങ്കൽ എന്നയാളുടെ ക്വൊട്ടേഷൻ നിർവ്വഹണോദ്യോഗസ്ഥന്റെ ഉത്തരവ് നം.2/2017/2.11.17 പ്രകാരം സാങ്കേതിക കാരണങ്ങളാൽ നിരസിക്കുകയും ഡിങ്കി ഒന്നിന് 19000/- രൂപക്ക് ശ്രീ പ്രതീഷ്, പടിഞ്ഞാറെവീട്ടിൽ എന്നയാളുടെ ക്വൊട്ടേഷൻ അംഗീകരിച്ച് സപ്ലൈ ചെയ്യുവാൻ ഉത്തരവാകുകയും ചെയ്തു.

എന്നാൽ ശ്രീ പ്രതീഷ്, പടിഞ്ഞാറെവീട്ടിൽ യഥാർത്ഥത്തിൽ ക്വോട്ട് ചെയ്ത തുക ഡിങ്കി ഒന്നിന് 18250/- രൂപയാണ്. അധികം ചെലവഴിച്ച തുക 3750/- രൂപ (750 X 5) ടിയാനിൽ നിന്നോ അതല്ലെങ്കിൽ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

ബി) ഡിങ്കിയും ഗിൽനെറ്റും സ്റ്റോക്കിലെടുത്ത് വിതരണം നടത്തിയതിന്റെ രേഖകൾ, ട്രഷറി ബില്ലിന്റെ പകർപ്പ് എന്നിവ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

2. മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് ഫർണിച്ചർ ( പ്രോജക്ട് നം. S0135/18 )

പദ്ധതി അടങ്കൽ - 90,000/- വികസന ഫണ്ട്

ട്രഷറി ബിൽ നം.- 2/2017-18, 82008/- രൂപ

വികസന സ്റ്റാൻറിംഗ് കമ്മിറ്റി അംഗീകാരം നൽകി ചിറ്റാറ്റുകര ഗ്രാമ പഞ്ചായത്തിൽ 2017-18 വർഷത്തിൽ 82008/- രൂപ ചെലവഴിച്ച് നടപ്പിലാക്കിയ പദ്ധതിയുടെ സ്റ്റോക്ക് രജിസ്റ്റർ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 3-6 ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവ്വഹിച്ച പ്രോജക്ടിലെ അപാകത

ചിറ്റാറ്റുകര ഗ്രാമപഞ്ചായത്തിൽ ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവ്വഹിച്ച വയോജനങ്ങൾക്ക് കട്ടിൽ വാങ്ങി നൽകൽ എന്ന പ്രോജക്ടിന്റെ വിശദവിവരം താഴെപ്പറയുന്നു.

| | |
|---|---|
| പ്രോജക്ടിന്റെപേര് | വയോജനങ്ങൾക്ക് കട്ടിൽ വാങ്ങി നൽകൽ |
| നം. | S00133/18 |
| വിഭാഗം | പൊതുവിഭാഗം / വികസന ഫണ്ട് |
| അടങ്കൽ | 626400 |
| ചെലവ് | 626325 |
| ചെലവ് രേഖ | ബിൽ നം.11/2017-18 തുക.626325/-തീ.24/3/2018 |

ഈ പ്രോജക്ട് നിർവ്വഹണത്തിൽ താഴെപ്പറയുന്ന അപാകതകളുണ്ട്.

1)സിഡ്കോയ്ക്ക് 69/- രൂപ അധികം നൽകി

സിഡ്കോയുടെ ഉല്പാദന യൂണിറ്റിൽ നിർമ്മിച്ച 144 കട്ടിലുകൾ ഒരുകട്ടിലിന് നികുതികൾ ഉൾപ്പെടെ 4349/-രൂപയ്ക്കാണ് നമ്പർ sseekm/pr.inv0561 തീ.25/11/2017 ആയുള്ള ഇൻവോയ്സ് പ്രകാരം വാങ്ങിയിട്ടുള്ളത്.അപ്പോൾ ആകെ അനുവദിക്കേണ്ട തുക 626256/- രൂപയാണ്.എന്നാൽ ചെലവ് രേഖ പ്രകാരം 626325/- രൂപയാണ് നൽകിയിട്ടുള്ളത്. 69/- രൂപ കൂടുതൽ അനുവദിച്ചതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

2)വാങ്ങിയ സാധനങ്ങൾ സ്റ്റോക്കിലെടുത്തില്ല.

മേൽ പ്രോജക്ട് പ്രകാരം വാങ്ങിയ 144 കട്ടിലുകളും സ്റ്റോക്കിലെടുക്കാതെയാണ് ഇഷ്യൂ ചെയ്തിട്ടുള്ളത്.ഇപ്രകാരം ചെയ്തതിന്റെ കാരണവും വ്യക്തമാക്കേണ്ടതാണ്.

3)മോണിറ്ററിങ് കമ്മിറ്റിയുടെ അംഗീകാരം ലഭ്യമായിട്ടില്ല.

ഐ.സി.ഡി.എസ്. സൂപ്പർവൈസർ 2017-18 വർഷം നിർവ്വഹിച്ച പ്രോജക്ടുകൾക്ക് ക്ഷേമകാര്യ മോണിറ്ററിംഗ് കമ്മിറ്റിയുടെ അംഗീകാരം ലഭ്യമായിട്ടില്ല. ഇതിന്റെ കാരണവും വ്യക്തമാക്കേണ്ടതാണ്.

## 3-7 മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) നിർവ്വഹിച്ച പ്രോജക്ട്- ഫണ്ട് ചെലവഴിച്ചതിലെ അപാകത

1. ചിറ്റാറ്റുകര ഗ്രാമപഞ്ചായത്തിൽ മെഡിക്കൽ ഓഫീസർ (ആയുർവ്വേദം)നിർവ്വഹിച്ച പ്രോജക്ടാണ് NRHMആയുർവ്വേദ ഡിസ്പൻസറിയിലേയ്ക്ക് മരുന്നു വാങ്ങൽ. 650000/- രൂപയ്ക്കുള്ള മരുന്ന് വാങ്ങി അതിന്റെ വില ഔഷധിയിൽ നല്കലാണ് പ്രോജക്ട്. പ്രോജക്ട് സംബന്ധിച്ച വിശദ വിവരം താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രോജക്ടിന്റെ പേര് | NRHMആയുർവ്വേദ ഡിസ്പൻസറിയിലേയ്ക്ക് മരുന്നു വാങ്ങൽ |
| പ്രോജക്ടിന്റെനം. | S0009/18 |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ(ആയുർവ്വേദം) |
| അടങ്കൽ | 650000/-രൂപ |
| ചെലവ് | 650000/-രൂപ |
| വിഭാഗം | മെയിന്റനൻസ് ഫണ്ട് റോഡിതരം |

ഗവൺമെന്റ് ഉത്തരവ് (M.S)നം.71/2008ത.സ്വ.ഭ.വ.തീയതി 12/3/2008 പ്രകാരം സംരക്ഷണഗ്രാന്റ് റോഡിതരത്തിൽനിന്നും അലോപ്പതി/ആയുർവ്വേദ ആശുപത്രികളിലേയ്ക്ക് മരുന്നുകൾ വാങ്ങുമ്പോൾ ഫണ്ടിനത്തിൽ ലഭ്യമായ തുകയുടെ 10% മാത്രമേ ഉപയോഗിക്കാവൂ എന്ന് പ്രത്യേകം വ്യവസ്ഥ ചെയ്യുന്നുണ്ട്.2017-18 ഓഡിറ്റ് വർഷം സംരക്ഷണഗ്രാന്റ് റോഡിതരത്തിൽ പഞ്ചായത്തിന് ആകെ ലഭിച്ചത് 3554367/-രൂപയാണ്.ഇതിന്റെ 10% എന്നത് 355436/-രൂപ മാത്രമാണ്. ആയുർവ്വേദ ആശുപത്രിയിലേയ്ക്ക് മരുന്നു വാങ്ങാൻ ചെലവഴിച്ചതാകട്ടെ 650000/-രൂപയും. പദ്ധതി രൂപീകരണ മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി 294564/-രൂപ കൂടുതലായി ചെലവഴിച്ചതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

2. ടി പദ്ധതി പ്രകാരം ഔഷധിയിൽ നിന്നും ലഭിക്കേണ്ട 650000/- രൂപയുടെ (ബിൽ നം. 1/17-18 തീയതി 17.1.17) മരുന്നിൽ 509493/- രൂപക്കുള്ള മരുന്നു മാത്രമാണ് നാളിതുവരെയായി സപ്ലൈ ചെയ്തിട്ടുള്ളത്. ബാക്കി നിൽക്കുന്ന 140507/- രൂപക്കുള്ള മരുന്നും കൂടാതെ പ്രോജക്ട് നം.32/18 (ബിൽ നം.2/17-18 തീയതി 20.1.18) പ്രകാരം ലഭ്യമാക്കുവാൻ ബാക്കി നിൽക്കുന്ന 71819/- രൂപയുടെ മരുന്നും ഔഷധിയിൽ നിന്നും ലഭ്യമാക്കുവാൻ വേണ്ട നടപടിയെടുക്കേണ്ടതാണ്.

## 3-8 വെറ്ററിനറി സർജൻ നിർവ്വഹിച്ച പ്രോജക്ടിലെ അപാകതകൾ

.

ചിറ്റാറ്റുകര ഗ്രാമപഞ്ചായത്തിൽ 2017-18 വർഷം വെറ്ററിനറി സർജൻ നിർവ്വഹിച്ച പ്രോജക്ടുകളിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു .

അപാകത 1

വനിതാഘടക പദ്ധതികളുടെ ആനുകൂല്യം പുരുഷന്മാർക്ക് നൽകി

a)കറവ പശുവിതരണം (പ്രോ.നം. S0039/18, അടങ്കൽ - 2600000/-

ചെലവ് - 2500000/- വി.ഫ. ജനറൽ)

മുകളിൽ പറഞ്ഞിരിക്കുന്ന പ്രോജക്ടിൽ വനിതകൾക്ക് അനുവദിച്ച ആനുകൂല്യം ഗുണഭോക്തൃലിസ്റ്റിലുള്ള പുരുഷന്മാർക്ക് അവരുടെ ഭാര്യമാരുടെ പേരിൽ അനുവദിച്ചു നൽകി.ആനുകൂല്യം കൈപ്പറ്റിയവരുടെ വിശദവിവരം താഴെപ്പറയുന്നു.

1)സോമൻ പുത്തേഴത്ത് ചിറ്റാറ്റുകര (വാർഡ് നം.9)

2)രഘുവരൻ മൂലയിൽ ചിറ്റാറ്റുകര (വാർഡ് നം.16)

3)ദിനേശൻ നമ്പ്യത്ത് ചിറ്റാറ്റുകര (വാർഡ് നം.18)

4)സഹജൻ എ.വി.അത്താണിപ്പറമ്പിൽ ചിറ്റാറ്റുകര (വാർഡ് നം.7)

5)ഇന്ദുചൂഡൻ അഞ്ചക്കുളത്ത് ചിറ്റാറ്റുകര (വാർഡ് നം.1)

6)കെ.പി.ഭഗവാൻ ചിറ്റാറ്റുകര (വാർഡ് നം.1)

7)കണ്ണൻ വള്ളോപ്പിള്ളിൽ ചിറ്റാറ്റുകര (വാർഡ് നം.11)

b)പെണ്ണാട് വിതരണം (പ്രോ.നം. S0040/18, അടങ്കൽ - 170000/- വി.ഫ.ജനറൽ)

ഈ പ്രോജക്ടിൽ സാദ്ദിഖ് നടുവിലപറമ്പിൽ എന്നയാൾക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്.

c)മുട്ടക്കോഴി വിതരണം (പ്രോ.നം. S0041/18, അടങ്കൽ - 180000/-വി.ഫ.ജനറൽ)

ഈ പ്രോജക്ടിൽ താഴെപ്പറയുന്നവർ ആനുകൂല്യം കൈപ്പറ്റിയിട്ടുണ്ട്.

1)വിനോദ് കല്ലിങ്കൽ മക്കനായി. (വാർഡ് നം.7)

2)സജീവൻ മണലിൽ മക്കനായി (വാർഡ് നം.7)

3)ജയൻ മണലിൽ മക്കനായി (വാർഡ് നം.7)

4)ഷിഹാബ് ചന്തപ്പാടത്ത് (വാർഡ് നം.8)

5)ബിജുമോൻ തൈവെയ്പ്പിൽ (വാർഡ് നം.11)

6)നന്ദൻ വള്ളോപ്പിള്ളിൽ (വാർഡ് നം.11)

7)നടരാജൻ വരാപ്പറമ്പിൽ (വാർഡ് നം.11)

8)സൈജു പല്ലേക്കാട്ട് (വാർഡ് നം.11)

9)ജോൺ വടശ്ശേരി മാച്ചാംതുരുത്ത് (വാർഡ് നം.1)

10)തോമസ് മാളിയേക്കൽ മാച്ചാംതുരുത്ത് (വാർഡ് നം.1)

ഇവരെ കൂടാതെ 16-ാം വാർഡിൽ 16 ഗുണഭോക്താക്കൾ ആനുകൂല്യം കൈപ്പറ്റിയതിൽ 13 പേരും പുരുഷന്മാരായിരുന്നു.

വനിതകൾക്കായി വിഭാവനം ചെയ്ത പ്രോജക്ടുകളുടെ ആനുകൂല്യം പുരുഷന്മാർക്ക് നൽകിയതിന്റെ കാരണം വിശദമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.1തീ.6/7/ 2018) വെറ്ററിനറി സർജൻ 9/7/2018 -ൽ മറുപടിനൽകി . വനിതാ ഘടക പദ്ധതികളിലേയ്ക്ക് വനിതകളുടെ പേരു നൽകാൻ വെറ്ററിനറി സർജൻ

പഞ്ചായത്ത് ഭരണസമിതിയോട് ആവശ്യപ്പെട്ടെന്നും, അവർ 10/11/2017 -ലെ സാധാരണ / അടിയന്തിര മീറ്റിംഗിലെ 1(9) നമ്പർ തീരുമാനപ്രകാരം പുരുഷന്മാർ അപേക്ഷകരായിട്ടുള്ള പ്രസ്തുത ഗുണഭോക്താവിന്റെ കുടുംബത്തിലെ വനിതകളുടെ പേരിൽ ആനുകൂല്യം തീരുമാനിച്ചെന്നുമാണ് അറിയിച്ചത്.

കറവ പശുവിതരണത്തിലും ഇപ്രകാരമാണ് സംഭവിച്ചതെന്നാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചിട്ടുള്ളത്. ഗുണഭോക്തൃ ലിസ്റ്റിലുള്ള പുരുഷന്മാർക്ക് വനിതാഘടക പദ്ധതിയുടെ - ആനുകൂല്യങ്ങൾ നൽകുന്നതു വഴി ലിസ്റ്റിലുള്ള അർഹരായ മറ്റു വനിതകൾക്ക് ആനുകൂല്യം നഷ്ടപ്പെടാൻ ഇത്തരം തീരുമാനം വഴിയൊരുക്കുന്നു.ആയതിനാൽ ഇത്തരം നടപടികൾ ഭാവിയിൽ ഉണ്ടാകാതിരിക്കാൻ ഭരണ സമിതി ശ്രദ്ധ ചെലുത്തേണ്ടതാണ്.

വെറ്റിനറി സർജൻ നിർവ്വഹിച്ച പ്രോജക്ടുകളിൽ വികസന കാര്യ മോണിറ്ററിംഗ് കമ്മിറ്റിയുടെ റിപ്പോർട്ടില്ല.ഇതിന്റെ കാരണവും വിശദമാക്കേണ്ടതാണ്.

ഒറ്റമുറിയിൽ പ്രവർത്തിക്കുന്ന മൃഗാശുപത്രി

ചിറ്റാറ്റുകര ഗ്രാമ പഞ്ചായത്തിൽ മൃഗാശുപത്രി പ്രവർത്തിക്കുന്നത് ചെറിയ ഒറ്റ മുറിയിലാണ്. ഓഫീസും, ഡിസ്പെൻസറിയും, ഫാർമസിയും എല്ലാം ഒറ്റ മുറിയിൽ പ്രവർത്തിക്കുന്നു. യാതൊരുവിധ വെന്റിലേഷൻ സൗകര്യങ്ങളും ഈ മുറിയ്ക്കില്ല. ജീവനക്കാർ വളരെ വീർപ്പുമുട്ടിയാണ് ഇവിടെ കഴിയുന്നത്. മിക്ക ദിവസവും വൈദ്യുതി നിലയ്ക്കുന്നതിനാൽ ഇരുട്ടിൽ ജോലി ചെയ്യേണ്ട അവസ്ഥയാണുള്ളത്. മരുന്നുകൾ വയ്ക്കാൻ സ്ഥലസൗകര്യമില്ലാത്തതിനാൽ ഡിപ്പാർട്ട്മെന്റ് മരുന്നുകൾ എടുക്കാറില്ലെന്ന് ഡോക്ടർ അറിയിച്ചു. പഞ്ചായത്ത്/ ഡിപ്പാർട്ട്മെന്റ് ഫയലുകൾ സൂക്ഷിക്കാനും ഇടമില്ലാത്ത അവസ്ഥയാണുള്ളത്. മൃഗാശുപത്രിയോട് ചേർന്ന് മാവേലി സ്റ്റോറിന്റെ പാക്കിംഗ് നടക്കുന്ന മുറി പ്രവർത്തിക്കുന്നു.മൃഗങ്ങളെ പരിശോധിക്കുന്ന അവസരത്തിൽ വളരെയധികം ബുദ്ധിമുട്ട് ഇവർക്കനുഭവപ്പെടുന്നുണ്ട്.

മൃഗാശുപത്രിയുടെ ശോച്യാവസ്ഥയെക്കുറിച്ച് വെറ്ററിനറി സർജൻ പഞ്ചായത്തിൽ നിരന്തരം പരാതിപ്പെട്ടിട്ടുണ്ട്..2016-17 /2017-18 വർഷങ്ങളിൽ മൃഗാശുപത്രിക്ക് സ്ഥലം വാങ്ങൽ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നെങ്കിലും പദ്ധതി എങ്ങുമെത്തിയില്ല.കാർഷിക മേഖലയായ ചിറ്റാറ്റുകരയിൽ നന്നായി പ്രവർത്തിക്കുന്ന ഒരു മൃഗാശുപത്രി അനിവാര്യമാണ്. ആയതിനാൽ ജനങ്ങൾക്ക് സൗകര്യപ്രദമായ സ്ഥല സൗകര്യം മൃഗാശുപത്രിയ്ക്കായൊരുക്കുന്നതിനും,അടിയന്തിര നടപടികൾ സ്വീകരിക്കുന്നതിനും ഭരണ സമിതി ശ്രദ്ധിക്കേണ്ടതാണ്.

## 3-9 പിഎച്ച് സി യിൽ മരുന്ന് ലഭ്യമാക്കിയില്ല

ചിറ്റാറ്റുകര ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ഹോമിയോ ഡിസ്പെൻസറിയിൽ 2017-18 സാമ്പത്തിക വർഷം മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) നിർവ്വഹണോദ്യോഗസ്ഥനായി നിർവ്വഹിച്ച പ്രോജക്ടാണ് പാലിയേറ്റീവ് കെയർ പദ്ധതി. പ്രോജക്ട് സംബന്ധിച്ച വിവരങ്ങൾ താഴെക്കൊടുക്കുന്നു

| | |
|---|---|
| പ്രോജക്ട് നം. | S0017/18 |
| അടങ്കൽ | 700000 |
| കാറ്റഗറി വിഭാഗം | ജനറൽ (ബ്ലോക്ക് വിഹിതം 200000) |
| ചെലവ് | 700000 |

മേൽപ്പറഞ്ഞ ചെലവിൽ ബ്ലോക്ക് വിഹിതത്തിൽ ഉൾപ്പെടുത്തി 185193/-രൂപ ട്രഷറി ചെക്ക് നം.228969/19.3.18 മാറി ഇ-പേമന്റ് വഴിയും, 49607/-രൂപ ബിൽ നം.3/17-18 പ്രകാരവും കേരള സ്റ്റേറ്റ് മെഡിക്കൽ സർവ്വീസസ് കോ-ഓപ്പറേറ്റീവ് ലിമിറ്റഡ് എന്ന സ്ഥാപനത്തിലേക്ക് മരുന്നു സപ്ലൈ ചെയ്യുന്നതിനായി ഓൺലൈനായി അയച്ചു നൽകുകയുണ്ടായി. സ്ഥാപനം കൈപ്പറ്റ് രശീതി (നം.5072 തീയതി 23/3/2018 & 3637/24.1.18) നൽകിയെങ്കിലും പ്രോഫോർമ ഇൻവോയ്സ് പ്രകാരമുള്ള മരുന്നുകൾ നാളിതുവരെയായിട്ടും ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കുവാൻ വേണ്ട നടപടിയെടുക്കേണ്ടതാണ്.

## 3-10 ഭവനപദ്ധതികളുടെ അവലോകനം

ചിറ്റാറ്റുകര ഗ്രാമ പഞ്ചായത്തിൽ ലൈഫ് മിഷൻ ( Livelyhood inclusion and financial management ), പി.എം.എ.വൈ ( പ്രധാൻമന്ത്രി ആവാസ് യോജന ) എന്നീ രണ്ട് ഭവന പദ്ധതികളിലൂടെയാണ് നിലവിൽ ഈ

ഇനത്തിൽ ധനസഹായം നൽകി വരുന്നത്. ലൈഫ് മിഷനിൽ ജനറൽ വിഭാഗത്തിൽ 200 ഗുണഭോക്താക്കളും പട്ടിക ജാതി വിഭാഗത്തിൽ 14 ഗുണഭോക്താക്കളുമാണ് ലിസ്റ്റിലുള്ളത്. 23 ജനറൽ വിഭാഗക്കാർക്കും 14 പട്ടികജാതി വിഭാഗക്കാർക്കും ആദ്യഗഡുവായി 40,000 രൂപ വീതം നൽകിയിട്ടുണ്ട്. പ്രധാൻമന്ത്രി ആവസ് യോജനയിൽ സോഷ്യൽ ഇക്കണോമിക് കാസ്റ്റ് സെൻസസ് ലിസ്റ്റിൽ 86 ഗുണഭോക്താക്കളാണുള്ളത്. 23 ഗുണഭോക്താക്കൾ പഞ്ചായത്തുമായി കരാർ ചമച്ചിട്ടുണ്ട്. 19 ഗുണഭോക്താക്കൾ കെട്ടിടം പണി പൂർത്തീകരിച്ചു. 4 ഗുണഭോക്താക്കൾ ഇനിയും പൂർത്തീകരിക്കാനുണ്ട്. അവശേഷിക്കുന്ന ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം എത്രയും വേഗം പൂർത്തീകരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-11 മറ്റ് അപാകതകൾ

1. വായനശാലകൾക്ക് പുസ്തകങ്ങൾ എന്ന പ്രൊജക്ട് പ്രകാരം ( പ്രൊ.നം-18/17 ) 50,000 രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതിൽ 25,000 രൂപയുടെ പുസ്തകങ്ങൾ കേസരി ബാലകൃഷ്ണപിള്ള മെമ്മോറിയൽ എന്ന വായനശാലക്ക് നൽകിയതായി കാണുന്നു. പ്രസ്തുത വായനശാലയുടെ പുസ്കകങ്ങൾ ലഭിച്ചതായുള്ള രസീതും ആയത് വരവായി രേഖപ്പെടുത്തിയ വായനശാലയുടെ സ്റ്റോക്ക് രജിസ്റ്ററും ( പുസ്തകങ്ങളുടെ ) പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

2. സാക്ഷരത തുടർ വിദ്യാഭ്യാസ പരിപാടി ( പ്രൊ.നം-60/18 ) പ്രകാരം 25,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. പ്രസ്തുത പ്രൊജക്ടിലെ ശ്രീ സുബിൻ കെ.കെ എന്ന പഠിതാവിന് ഇതുവരെ തുക ലഭിച്ചിട്ടില്ല എന്ന പരാതി നിലനിൽക്കുന്നതായി ഓഡിറ്റ് വേളയിൽ വ്യക്തമായി. ടിയാൻ ഹാജരാക്കിയ ബാങ്ക് അക്കൗണ്ടിന്റെ പകർപ്പ് പ്രകാരം അക്കൗണ്ട് നം.4324000100094030 ആണ്. എന്നാൽ തുക നൽകിയത് 4324000100094020 എന്ന അക്കൗണ്ട് നമ്പറിലാണ്. അക്കൗണ്ട് നമ്പർ ട്രഷറി കോപ്പിയുമായി ഒത്തുനോക്കാതിരുന്ന നിർവ്വഹണ ഉദ്യോഗസ്ഥയോടൊപ്പം പ്രസ്തുത പ്രൊജക്ട് മോണിറ്റർ ചെയ്യാതിരുന്ന വിദ്യാഭ്യാസ,കല,യുവജനക്ഷേമ വർക്കിംഗ് ഗ്രൂപ്പും ഉത്തരവാദികളാണ്. നഷ്ടപ്പെട്ടുകയായ 1500 രൂപ പഠിതാവിന് നൽകി പരാതി പരിഹരിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

3. ഹോമിയോ മെഡിക്കൽ ഓഫീസർ നിർവഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ മരുന്ന് വാങ്ങൽ എന്ന പ്രൊജക്ട് പ്രകാരം 3,00,000 രൂപ ഗവ.ഹോമിയോ ഡിസ്പൻസറിക്കും 1,75,000 രൂപ NRHM ഡിസ്പെൻസറിക്കും വേണ്ടി കേരള സ്റ്റേറ്റ് ഹോമിയോപ്പതി കോ-ഓപ്പറേറ്റീവ് ഫാർമസി എന്ന സ്ഥാപനത്തിന് നൽകി. ഇതിൽ ഗവ.ഹോമിയോ ഡിസ്പെൻസറിക്ക് 1,25,612 രൂപയുടെ മരുന്നും NRHM ഡിസ്പെൻസറിക്ക് 1,20,558 രൂപയുടെ മരുന്നുമാണ് ലഭ്യമാക്കിയിട്ടുള്ളത്. ബാക്കി തുകയ്ക്കുള്ള മരുന്ന് ലഭ്യമാക്കാൻ വേണ്ട നടപടി സ്വീകരിക്കേണ്ടതാണ്.

4. പഞ്ചായത്തിലെ 15 മരാമത്ത് വേലകൾക്ക് വേണ്ടി 278 ബാരൽ ടാർ ലഭ്യമാക്കുന്നതിന് ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡിന് 15,48,533 രൂപ നൽകിയിട്ടുണ്ട്. 278 ബാരൽ ലഭ്യമാക്കിയതിന് ശേഷം ബി.പി.സി.എൽ നൽകിയ ബിൽ പ്രകാരം 14,94,801 രൂപയാണ് യഥാർത്ഥ വില. ബാരലിന്റെ എണ്ണം രേഖപ്പെടുത്തിയിട്ടുള്ള രജിസ്റ്റർ മാത്രമാണ് പഞ്ചായത്ത് സൂക്ഷിക്കുന്നത്. ടാറിന്റെ വില കൂടി രജിസ്റ്ററിൽ ചേർക്കേണ്ടതും ബി.പി.സി.എലിന്റെ കൈവശമുള്ള 53,732 രൂപ തുടർ വാങ്ങലുകളിൽ ക്രമീകരിക്കേണ്ടതുമാണ്.

5. പഞ്ചായത്തിലെ ഗ്രാമീണ റോഡ്, ടിപ്പു സുൽത്താൻ റോഡ്, എം.വി.രാഘവൻ റോഡ്, മാർക്കണ്ഡേയ ( ഐ.ടി.സി. മാക്കനായി) റോഡ് എന്ന 4 റോഡുകൾക്ക് ആസ്തി രജിസ്റ്ററിലെ നീളം യഥാക്രമം 450 മീ., 113 മീ., 365 മീ., 310 മീ. എന്നിങ്ങനെയാണ്. എന്നാൽ യഥാക്രമം 520മീ., 243 മീ., 397 മീ., 428 മീ എന്നീ നീളത്തിൽ ഓഡിറ്റ് വർഷം ടാർ ചെയ്തതായി കണ്ടു. ഭൗതിക പരിശോധനയിൽ ടാർ ചെയ്തിരിക്കുന്ന നീളം റോഡിനുള്ളതായി വ്യക്തമായി. ആസ്തി രജിസ്റ്ററിലെ ഡാറ്റകൾ കൃത്യമല്ല എന്നാണ് ഇതിൽനിന്ന് വ്യക്തമാകുന്നത്. ആസ്തി രജിസ്റ്റർ കൃത്യമാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതും അവസാനമായി മെയിന്റനൻസ് ചെയ്ത വർഷവും ചേർക്കേണ്ടതാണ്.

6. 50 മൈക്രോണിൽ താഴെ കനമുള്ള പ്ളാസ്റ്റിക് ക്യാരിബാഗുകൾ 26.01.2018 മുതൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ നിരോധിച്ചതായി കാണുന്നു. പ്രസ്തുത ഉത്തരവ് ഫലപ്രദമായി നടപ്പാക്കുന്നതിന് മേൽ തീയ്യതിക്ക് ശേഷം പഞ്ചായത്ത് നടത്തിയ പരിശോധനകളുടെ വിവരങ്ങൾ ഹാജരാക്കാൻ ആവശ്യപ്പെട്ടിരുന്നെങ്കിലും പ്രസ്തുത വിവരം ലഭ്യമാക്കിയില്ല. 50 മൈക്രോണിൽ താഴെ കനമുള്ള ക്യാരിബാഗുകൾ പരിശോധിക്കാനുള്ള ഉപകരണങ്ങൾ പഞ്ചായത്തിനുണ്ടോ എന്ന് വ്യക്തമാക്കിയില്ല. മേൽ നിരോധനം നടപ്പിലാകുന്നുണ്ടോ എന്നത് നിരീക്ഷിക്കാൻ

പഞ്ചായത്ത് സംവിധാനം ഒരുക്കേണ്ടതാണ്.

7. G.O(rt)3065/18/fin/31.03.18 പ്രകാരം ലഭിക്കേണ്ടിയിരുന്ന വസ്തുനികുതി ഇൻസെന്റീവിനായി 88,946 രൂപയ്ക്ക് ഇ-ബിൽ നൽകിയെങ്കിലും ഇതുവരെ തുക ലഭിച്ചിട്ടില്ല. ആയത് വാർഷികകണക്കിലും ഉൾപ്പെട്ടിട്ടില്ല. മേൽ തുക ലഭ്യമാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

8.തൊഴിലുറപ്പ് പദ്ധതി പ്രകാരം 2017-18 ലെ മെറ്റീരിയൽ ചെലവിനത്തിൽ ഇനിയും 8.02 ലക്ഷം രൂപ വിവിധ സ്ഥാപനങ്ങൾക്ക്/ വ്യക്തികൾക്ക് നൽകാനുണ്ട്.ആയത് നൽകുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2017-18 | 150000 | ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 150000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 150000 | ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 150000 | 0 |
| | | 11390 | പൊക്കാളി കൃഷിക്ക് കൂലി | 11390 | 0 |
| | | 100000 | കാർഷിക കർമസേന രൂപീകരണം | 100000 | 0 |
| | | 200000 | പാലിയേറ്റിവ് കെയർ | 200000 | 0 |
| | | 250000 | പാൽ വില സബ്സിഡി | 250000 | 0 |
| | | 48000 | കൂട് കൃഷി | 45231 | 2769 |
| | | 2257 | എസ് ടി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 0 | 2257 |
| ആകെ | | 911647 | | 906621 | 5026 |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

കെ.എസ്.ഇ.ബി.ഓഡിറ്റ് വർഷത്തിൽ ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയതിന്റെ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി. | ഇലക്ട്രിക്ക് ലൈൻ എക്സ്റ്റൻഷൻ | 21700986 | 314700 | 0 | 314700 |
| കെ.എസ്.ഇ.ബി. | ഇലക്ട്രിക്ക് ലൈൻ എക്സ്റ്റൻഷൻ | 21700987 | 135175 | 0 | 135175 |
| കെ.എസ്.ഇ.ബി. | ഇലക്ട്രിക്ക് ലൈൻ എക്സ്റ്റൻഷൻ | 21701048 | 75675 | 0 | 75675 |

| | | | | | |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി. | ഇലക്ട്രിക്ക് ലൈൻ എക്സ്റ്റൻഷൻ | 21701077 | 7840 | 0 | 7840 |
| കെ.എസ്.ഇ.ബി. | ഇലക്ട്രിക്ക് ലൈൻ എക്സ്റ്റൻഷൻ | 21701071 | 21000 | 0 | 21000 |
| കെ.എസ്.ഇ.ബി. | ഇലക്ട്രിക്ക് ലൈൻ എക്സ്റ്റൻഷൻ | 21701290 | 25768 | 0 | 25768 |
| കെ.എസ്.ഇ.ബി. | ഇലക്ട്രിക്ക് ലൈൻ എക്സ്റ്റൻഷൻ | 21701329 | 61575 | 0 | 61575 |
| കെ.എസ്.ഇ.ബി. | ഇലക്ട്രിക്ക് ലൈൻ എക്സ്റ്റൻഷൻ | 21701334 | 50400 | 0 | 50400 |
| കെ.എസ്.ഇ.ബി. | ഇലക്ട്രിക്ക് ലൈൻ എക്സ്റ്റൻഷൻ | 21701030 | 10952 | 0 | 10952 |
| കെ.എസ്.ഇ.ബി. | ഇലക്ട്രിക്ക് ലൈൻ എക്സ്റ്റൻഷൻ | 21701342 | 15300 | 0 | 15300 |
| കെ.എസ്.ഇ.ബി. | ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 21701337 | 5543 | 0 | 5543 |
| കെ.എസ്.ഇ.ബി. | സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ | 21701316 | 325821 | 0 | 325821 |
| ആകെ | | | | | 1049749 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

.

| വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം തീയതി | വായ്പതുക | വർഷാരംഭത്തിൽ തിരിച്ചയക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം അടച്ച തുക | വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| EMS – ഭവനം | GO(MS) 781/2010/LSGD dt. 8/3/10 | 14332500 | 54807 | -- | 54807 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

.

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 11241/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗ പ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2014-15 | 3(3) | 1241 | പ്രകാശ് ഇലക്ട്രിക്കൽസ് | 117010101193/14.06.2017 |
| 2016-17 | 2(1) | 2500 | എന്നൽ ഫുഡ്സ് | 117010105785/19.2.2018 |
| 2015-16 | 2(2) | 7500 | വയർലെസ്സ് ടാറ്റാ ടെലിഇൻഫോ സർവ്വീസ് ലിമിറ്റഡ് | 11700400006/17.01.2018 |

| | | | | |
|---|---|---|---|---|
| | ആകെ | 11241 | | |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

.

| ഓഡിറ്റ് വർഷം | ഖണ്ഡിക നം | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക നം | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|---|---|
| 2002-03 | 2(4) | 2006-07 | 3.39.(1) | മരാമത്ത് പ്രവർത്തികൾക്കും മറ്റും മുൻകൂർ തുക കൈപ്പറ്റിയിട്ട് പണി പൂർത്തീകരിച്ചില്ല. - മഹാത്മാഗാന്ധി എട്ടിയാട്ട് റോഡ് ഗ്രാവലിംഗ്. | കൺവിനർ അധികമായി കൈപ്പറ്റിയ തുക പലിശ സഹിതം അടവാക്കിയിട്ടുള്ളതും ഇത് സംബന്ധിച്ച റിപ്പോർട്ട് പ്രിൻസിപ്പൽ സെക്രട്ടറി തസ്വഭവ(എസി) വകുപ്പിന് നൽകിയിട്ടുള്ളതുമാണ്. |

## 4-8 ചാർജ്/സർച്ചാർജ് നടപടികളുടെ വിവരം

.

| ഓഡിറ്റ് വർഷം | ഖണ്ഡിക നം. | തുക | ഉത്തരവാദിയായ ആൾ | റിമാർക്സ് |
|---|---|---|---|---|
| 1998-99 | 18(a) | 1571-00 | ഫാൻസി പരമേശ്വരൻ | തുക അടച്ചിട്ടുണ്ട്. രസീത് നം. 11501103473/21.12.15 |
| | 18(b) | 4600-00 | ” | ” |
| | 28 | 500-00 | ” | തുക അടച്ചിട്ടുണ്ട്. രസീത് നം 99/6374/ 13.7.06 |
| | 19 | 5538 | പി ജി ശോഭ | LF.13250/SC3/05/8.9.08 പ്രകാരം സർച്ചാർജ് നടപടികളിൽ നിന്നും ഒഴിവാക്കി |
| | 23 | | ” | ” |
| | 26 | 1157-00 | ” | തുക അടച്ചിട്ടുണ്ട്. രസീത് നം.62/68121/7.2.08 |

.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

.

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 63534469 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 72006572 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/അംഗീകരിക്കാത്ത തുക | 3750 (ഖ. 3-5 (1) |

| | |
|---|---|
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ഇല്ല |

(ബി) – പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം. | ചാർജ്ജ് ചെയ്യാവുന്നത് | സർചാർജ്ജ് ചെയ്യാവുന്നത് | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 3-5 (1) | -- | 3750 | രാജൻ. ജി (സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് ) |
| ആകെ | | 3750 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഇല്ല

(സി) കേന്ദ്ര സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരങ്ങൾ

ഇല്ല

(ഡി) നഷ്ടം തിട്ടപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) ഈ റിപ്പോർട്ടിൽ പ്രതിപാദിച്ചിരുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഒദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| രാജൻ . ജി | ലഭ്യമല്ല | ലഭ്യമല്ല |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1995-96 | എൽ എഫ് ഇ (പി2) 613/98 തീയതി 3.2.1999 |
| 1998-99 | എൽ എഫ് ഇ (പി2) 586/01 തീയതി 5.8.02 |
| 1999-00 | എൽ എഫ് ഇ (പി2) 1515/01തീയതി 5.8.02 |
| 2000-01 | എൽ എഫ് ഇ (പി2) 1454/02 തീയതി 22.9.2007 |
| 2001-02 | എൽ എഫ് ഇ (പി2) 822/07 തീയതി 22.9.2007 |
| 2002-03 | എൽ എഫ് ഇ (പി2) 823/07തീയതി 22.9.2007 |
| 2003-04 | എൽ എഫ് ഇ (പി2) 581/10തീയതി 20.5.2011/1.8.2011 |
| 2004-05 | എൽ എഫ് ഇ (പി2) 582/10തീയതി 20.5.2011/1.8.2011 |
| 2005-06 | എൽ എഫ് ഇ (പി2) 583/10തീയതി 20.5.2011/1.8.2011 |
| 2007-08 | എൽ എഫ് ഇ (പി2) 1595/08തീയതി 16.2.2009/6.6.2009 |
| 2008-09, 2009-10, 2010-11 | എൽ എഫ് ഇ (പി2) 1295/12തീയതി 18.8.12/12.10.12 |
| 2011-12, 2012-13 | എൽ എഫ് ഇ (പി2) 2036/12തീയതി 16.12.13 |
| 2013-14 | എൽ എഫ് ഇ (പി10)647/15 തീയതി 8.6.15 |
| 2014-15 | എൽ എഫ് ഇ (പി10)1247/16 തീയതി 3.8.16 |
| 2015-16 | എൽ എഫ് ഇ (പി12)2123/16 തീയതി 15.12.16 |
| 2016-17 | എൽ എഫ് ഇ (പി12)1725/17 തീയതി 28.9.17/28.11.2017 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്

.

## അനുബന്ധം 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്.എ.(പി12) 1624/2018

കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം. 0484 2422271,
deoekm.ksad@kerala.gov.in

തീയതി:7/09/2018

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ വകുപ്പ് 4 ,കേരള പഞ്ചായത്ത് രാജ് നിയമത്തിലെ

വകുപ്പ് 215-ം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിങ്ങ് സ്റ്റാന്റേർഡുകൾ അവലംബിച്ചും എറണാകുളം ജില്ലയിലെ ചിറ്റാറ്റുകര ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ചിറ്റാറ്റുകര ഗ്രാമപഞ്ചായത്തിന്റെ 2017-18 ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

.

ഡെപ്യൂട്ടി ഡയറക്ടർ

## ANNEXURE I

KSA-EKM(P5)/1624/2018.

Kerala State Audit Department,
District Audit Office, Ernakulam,
0484 2422271,
deoekm.ksad@kerala.gov.in
Date: 07.09.2018

AUDIT CERTIFICATE

Certified that I have audited the Annual Financial Statement of Chittattukara Grama panchayat in Ernakulam district for the year ended on 31.03.2018 in accordance with Section 4 of Kerala Local Fund Audit Act 1994, Section 215 of Kerala Panchayat Raj Act 1994, the rules made there under and the guidelines issued by Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Chittattukara Grama panchayat for the year 2017-18 except the observations in my audit report properly presents the picture of income and expenditure.

.

Deputy Director